# സുറിയാനിക്രിസ്ത്യാനികളായ സ്ത്രീകളുടെ ശവസംസ്ക്കാരം

## ഒന്നാം ശുശ്രൂഷ

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.
പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനെ ഞങ്ങളോടു കരുണ ചെയ്യണമെ. (മൂന്നു പ്രാവശ്യം ചൊല്ലണം)

പുരോഹിതൻ: ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.
പ്രതിവാക്യം: ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യൂണമെ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈകൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.

പുരോഹിതൻ: ദൈവമേ നിനക്കു സ്തുതി
പ്രതിവാക്യം: സൃഷ്ടാവേ നിനക്കു സ്തുതി പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ നിനക്കു സ്തുതി, ബാറെക്മോർ.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പേലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു ഞങ്ങൾക്കുതരണമെ. ഞങ്ങളുടെ കടക്കാരോടെ ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിനപ്പെട്ടവനിൽ നിന്നു

ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കത്താവ് നിന്നോടു കൂടെ, സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവളാകുന്നു നിന്റെ ഉദരഫലമായ നമ്മുടെ കത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യക മത്തമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും ദൈവംതമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമെ. ആമ്മീൻ.

പുരോഹിതൻ: ശുബഹോലാബോ......
പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.

## പ്രാരംഭപ്രാത്ഥന

കത്താവേ! ഈ ലോകത്തിൽ നിന്ന് യാത്രയായി നിന്റെ അടുക്കൽ വന്നു ചേന്നിരിക്കുന്ന ഈ സഹോദരിയുടെ ആത്മാവിന് ഭാഗ്യകരമായ മണവറയും ആനന്ദകരമായ വിരുന്നും സന്തോഷപ്രദമായ വാസസ്ഥാനവും നൽകണമെ. അവസാനത്തിൽ മഹത്വത്തോടുകൂടെ നീ എഴുന്നള്ളകയും നീതിയോടെ ഭൂതലത്തെ ന്യായം വിധിക്കയും ഓരോരുത്തക്കും അവനവന്റെ അഹതയനുസരിച്ച് പ്രതിഫലം നൽകുകയും ചെയ്യുന്ന സമയത്ത് നിന്റെ വലത്തുഭാഗത്തെ കുഞ്ഞാടുകളുടെ കൂടെ ചേരുവാനും അവരോടൊന്നിച്ച് നിനക്ക് സ്തുതിയും സ്തോത്രവും പാടുവാനും ഇവൾക്ക് യോഗ്യത നൽകണമെ. ആബോവബ്റൊ.........

## (51-ഠം മസുമൂർ)

ദൈവമേ! നിന്റെ കൃപയിൻപ്രകാരംഎന്നോടു കരുണ ചെയ്യണമേ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെപാപങ്ങളെ മായിച്ചു കളുയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരു മുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു നിന്റെ വചനത്തിൽ താൻ നീതീകരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ താൻ ജയിക്കുകയും ചെയ്യാനായിട്ടു തന്നെ. എന്തെന്നാൽ അന്യായ ത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ താൻ ഇഷ്ടപ്പെട്ടു. നിന്റെ ഇഞാനത്തിന്റെ രഹസ്യങ്ങൾ തന്നെ താൻ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ താൻ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെണ്മയാക്കണമേ. ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾസന്തോഷിക്കും എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള തിരുആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ. തന്റെ തിരുമുമ്പിൽ നിന്ന് എന്നെ

തള്ളിക്കളയരുതേ.വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്ക് തിരിച്ചു തരേണമേ. മഹത്ത്വമുള്ള തന്നാത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയായ ദൈവമായ ദൈവമേ! രക്ലത്തിൽനിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും. കത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് തന്റെ സ്തൂതികളെ പാടും.

എന്തെന്നാൽ ബലികളിൽ താൻ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ താൻ നിരപ്പയതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്ചയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല

തന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊശ്ലേമിന്റെ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടു കൂടിയ ബലികളിലും ഹോമബലികളിലും താൻ ഇഷ്ടപ്പെടും. അപ്പോൾ തന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും.
ദൈവമേ! സ്തൂതി തനിക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

ദൈവമേ! സ്തൂതി തനിക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

## എനിയോനൊ (മ്ശീഹോ ദമ്ലാഖ)

ശുബഹോ...... മെി ഓാലം.....

ആദാം മക്കൾ-ക്കുത്ഥാനം
വാഗ്ദത്തം ചെ-യ്കോൻ മ്ശിഹാ
നിൻ ശരണത്തിൽ നിദ്രിതയാം
ദാസിക്കേകണമു-ത്ഥാനം.

നിൻ കരുണാസ-ങ്കേതത്തിൽ
നിദ്രാവശയാം-സോദരിയെ
നിൻ മഹിമോദയദിവസത്തിൽ
നിൻകാരുണ്യം കാ-ട്ടേ-ണം ബാറെക്മോർ-ശുബഹോ.....മെനഓലം....

സ്തുതി ത്രിത്വത്തിൻ-മർമ്മമതാം
താതന്നും തൻ-തനയന്നും
ഹാലേലുയ്യ നിമ്മലനാം
റൂഹായ്ക്കും പാടും-ഞ-ങ്ങ-ൾ.

## കുക്കിലിയോൻ

കണ്മിഴികളുയത്തിടുന്നേൻ സ്വർഗ്ഗാലയനേ!-ഹാലേലുയയ
സ്വാമി സമക്ഷം-ദാസൻപോൽ
കൃപ ഞങ്ങളിലുളവാവോളം തിരുസന്നിധിയിൽ-ഹാലേലുയ്യ
കൃപചെയ്യുക നാഥാ! കൃപചെയ്ക. ബാറെക്മോർ-ശുബഹോ.....മെനഓലം.....

## എക്ക്ബൊ (മ്ശിഹാ ജീവിച്ചെഴുന്നേറ്റു)

മൃതിനിലയം-ദൈവം പൂകി
മൃതിയവനെ-നിഹനിച്ചില്ല,
അവനെയുൾ-ക്കൊണ്ട പരേതർ
ജീവൻപൂ-ണ്ടാനന്ദിക്കും.
സ്തൌമെൻകാലോസ്.

## (പ്രുമിയോൻ,സെദറാ)

തന്റെ പ്രത്യക്ഷതയിൽ തന്റെ അയയ്ക്കുകയും തന്റെ വരവിങ്കൽ ഭൂമുഖത്തെ നവീകരിക്കുകയും തിരുശബ്ദത്താൽ മൃതരെ ജീവിപ്പിക്കുകയും തന്റെ കല്പനയാൽ കബറടക്കപ്പെട്ടവരെ എഴുന്നേല്പിക്കുകയും തിരുവിഷ്ടപ്രകാരം അവരെ മരണമില്ലായ്മ

അണിയിക്കുകയും തന്റെ ഉന്നത രാജ്യത്തിലേക്ക് തന്റെ ഭക്തരെ ഉയർത്തുകയും യോഗ്യതയേറിയ തന്റെ മണവറയിലേക്ക് അവരെ പ്രവേശിപ്പിക്കയും തിരുശ്രേഷ്ഠതയുടെ പ്രഭ അവരിൽ ഉദിപ്പിക്കുകയും ചെയ്യുന്ന വിസ്കയനീയ പുനരുത്ഥാകനായ കർത്താവിന്സ്തുതി. തന്റെ ദാസിയുടെ ശവസംസ്ക്കാര ശുശ്രൂഷ നിവഹിക്കപ്പെടുന്ന ഈ സമയത്തും...

## സെദറാ

ജീവനുള്ളവരുടെ തലവനും മരിച്ചുപോയവരുടെ നാഥനുമായ മ്ശിഹാതമ്പുരാനേ! എന്നിൽ വിശ്വസിക്കുന്ന ഏവനും മരിച്ചാലും ജിവിക്കും. എന്നിൽ സങ്കേതപ്പെടുകയും ശരണം പ്രാപിക്കുകയും ചെയ്യുന്ന ഏതാത്മാവിനും ഞാൻ പുനരുത്ഥാനവും ജീവനും രക്ഷകനും ആകുന്നു എന്ന്നിർ വ്യാജമായിവാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. കർത്താവേ! തിരുപ്രത്യാശയിൽ നിദ്രപ്രാപിച്ച് ഈ താൽക്കാലിക ജീവിതത്തെ വിട്ടുമാറിയിരിക്കുന്ന ഈ സഹോദരിയുടെ ആത്മാവിനെ ഇപ്പോൾ കൃപയോടെ സ്വീകരിച്ച് വാത്സല്യപൂർവ്വം ആശ്വസിപ്പിച്ച് ധൈര്യപ്പെടുത്തണമെ. കർത്താവിന്റെ അടുക്കലേക്ക് വരുന്ന മാർഗ്ഗത്തിൽ ഞങ്ങളുടെ ആത്മാക്കളെ അപഹരിക്കുവാനായി അന്തരീക്ഷത്തിലെ ഒളിവിടങ്ങളിൽ പതിയിരിക്കുന്നവരും ദുഷ്ടന്മാരുടെ നാശത്തിനായി ആഗ്രഹിച്ചുകൊണ്ടിരിക്കുന്നവരുമായ സംഘങ്ങളിൽ നിന്ന് ഇവളെ സംരക്ഷിച്ചു കൊള്ളണമെ. കർത്താവിന്റെ സമാധാനദൂതന്മാർ മൂലം തന്റെ വിശുദ്ധന്മാരുടെ ഭാഗ്യകരമായ വാസസ്ഥാനങ്ങളിലേക്ക് ഇവളെ നയിച്ചു കൊള്ളണമെ. പരിശുദ്ധനായ ദൈവമേ! കർത്താവിന്റെ ദാസിയോട് കരുണചെയ്യുണമെ. കാരുണ്യവാനായ ദൈവമേ! കർത്താവിൽ വിശ്വസിച്ചവളായ ഈ സഹോദരിയെ രക്ഷിച്ചുകൊള്ളൂണമെ. കൃപയുള്ളവനായ ദൈവമേ! ഇവളേയും കർത്താവിനെ സമ്മതിച്ചു പറയുകയും കർത്താവിന്റെ വിജയ സ്ലീബായെ വന്ദിക്കുകയും പുതിയ

ജീവന്റെ വാഗ്ദാനമായ തന്റെ ശരീരരക്തങ്ങൾ അനുഭവിക്കുകയും ചെയ്തിട്ടുള്ള ഒരുത്തരേയും ഉപേക്ഷിക്കരുതെ. ദയാലുവായ ദൈവമേ! മാമ്മൂദീസാ മൂലം നൽകിയാതായ പ്രകാശവ്രസ്തവും മൂറോനാകുന്ന മുദ്രയും ഇവളിൽ നിന്ന് ഉരിഞ്ഞുകളയരുതെ. കത്താവിന്റെ രാജ്യത്തിലുള്ള വാസത്തിൽ നിന്ന് ദൂരെ അകറ്റി കുളയുന്നതായ ആ കഠിന ശബ്ദംഇവൾ കേൾക്കാനിടയാകരുതെ. രണ്ടാം മരണം അനുഭവിപ്പാനും "പോവുക, ഞാൻ നിന്നെ അറിയുകയില്ല" എന്നു പറയുന്ന ശബ്ദും കേൾപ്പാനും ഇവൾക്കു സംഗതിയാകരുതെ. ഈ മരണം വിശ്വാസികൾക്ക് ഒരു ഉറക്കം മാത്രമാണല്ലോ. കത്താവേ! അറിവോടുകൂടിയോ അറിവുകൂടാതെയോ ഉള്ള ഇവളുടെ തെറ്റുകളെ ഇപ്പോൾ പരിഹരിക്കണമെ. കത്താവിന്റെ രക്ഷയുടെ തുറമുഖത്ത് ബുദ്ധിമതികളായ കന്യകമാരുടെ ആത്മാക്കളുടെ കൂട്ടത്തിൽ ഇവളെയും ക്രമീകരിക്കണമെ. ഇവൾക്കുവേണ്ടി നിന്നോടപേക്ഷിക്കുന്ന പാപികളായ ഞങ്ങളെ പരിപാകതയുള്ള നടപടരികൾക്കും വിശുദ്ധമായ പെരുമാറ്റങ്ങൾക്കും ശക്തി നൽകി സഹായിക്കണമെ. ദോഷരഹിതമായ നിര്യാണത്തിനും നല്ല അവസാനത്തിനും ഞങ്ങളെ ഒരുക്കികൊള്ളണമെ. അന്തരീക്ഷത്തിലെ ഉപദ്രവങ്ങളായ എതിപ്പുകളിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളുണമെ. കത്താവിന്റെ കൃപയാകുന്ന ചിറകുകളുടെ കീഴിൽഞങ്ങളെ സംരക്ഷിക്കുകയും ദുഃഖങ്ങളും നെടുവീപ്പുകളും ഇല്ലാത്തതായ കത്താവിന്റെ സന്തോഷഭവനങ്ങളിലേക്ക് ഞങ്ങളെ ആനയിക്കയും ചെയ്യണമെ. ഈ ലോകം അവസാനിക്കുകയും നിത്യലോകം ആരംഭിക്കുകയും ചെയ്യുന്ന അവസാനത്തേതും ആദ്യത്തേതുമായ ആ മഹാദിവസത്തിൽ കത്താവിന്റെ രക്ഷ ഞങ്ങൾക്കെല്ലാവക്കും അനുഭവയോഗ്യമാക്കിത്തീക്കണമെ. കത്താവിന്റെ തിരുമുഖത്താൽ ഞങ്ങളെ സന്തോഷിപ്പിക്കണമെ. കത്താവിന്റെ വലത്തുഭാഗത്ത് ഞങ്ങളെ പന്തിക്കിരുത്തണമെ. കത്താവിന്റെ പുഷ്ടിയേറിയ മേച്ചിൽ

സ്ഥലങ്ങളിൽ ഞങ്ങളെ മേയിച്ചുകൊള്ളുണമെ. കർത്താവിന്റെ പെരുന്നാളാഘോഷത്തിൽ അണിനിരന്നു നിൽക്കുന്നവരായ സവ്വരക്ഷിത സംഘത്തോടും കൂടെ കർത്താവിന്റെയും കാരുണ്യവാനായ കർത്താവിന്റെ പിതാവിന്റേയുംവിശ്വാസികളെ ജിവിപ്പിക്കുന്നവനായ കർത്താവിന്റെ വിശുദ്ധറൂഹായുടേയും കൃപയാലും മനുഷ്യസ്നേഹത്താലും കർത്താവിന്റെ ഭവനത്തിലെ പുഷ്ടി കൊണ്ട് ഞങ്ങളെല്ലാവരേയും പോഷിപ്പിക്കണമെ. ഉത്തമനായ തന്നെ നാം ഓർത്ത് മഹത്വപ്പെടുത്തണം. ഹോശോ.....

## തക്ശെപ്തൊ (ഹൊയ് ബസ് കോലൊ)

നടുരാത്രിയിലുളവായിടുമാ
മഹനീവദ്ധ്വനി കേട്ടിടുവാൻ
നാഥാ! നോക്കിപ്പുക്കുന്നേൻ
സംഭ്രമകരമാം വേളയതിൽ
യേശുമഹാരാജാവിന്റെ
വിജയക്കൊടിയുദയം ചെയ്യും
ആ നിമിഷത്തിൽ ക്രോബേന്മാർ
മീഖായേൽ തൊട്ടീറേന്മാർ
എന്നീ വത്സല സംഘത്തിൻ
തേരിന്മേലവനേറി വരും
അന്നേരത്തെരിതീപ്പുഴയിൽ
ഭീകര സിംഹാസനമുയരും.
നിത്യൻ ബലവാൻ തൻ തനയൻ
ബലവാനുഗ്രൻ ഭീതികരൻ
വാനും പാരും നിറയുന്നോൻ
കമ്മങ്ങൾക്കനുസൃതമാക്കും
പ്രതിദാനം നൽകീടുന്നോൻ
ലോകാധീശൻ വിധിനാഥൻ
തൽ പീഠത്തിലിരുന്നീടും
രക്ഷകനേ! യത്തരുണത്തിൽ
ചെയ്യുണമെന്നൊടു കാരുണ്യം

ജീവമയാ! ദേവാധീശാ!
എപ്പോൾ ഞാനവിടെത്തീടും
കാണും നിൻമുഖമെപ്പോൾ ഞാൻ
എന്നു വിചാരിച്ചെന്നാത്മം
നിന്നെപ്രതി ദാഹിക്കുന്നു.

## എത്രൊ

ഉന്നതങ്ങളിൽ സ്വർഗ്ഗിയർക്കും താഴെ [illegible] കബറുകളിൽ മൃതർക്കും തന്റെ സുഗന്ധവാസന അനുഭവമാക്കിത്തീത്ത സുഗന്ധധൂപവും പരിമളവാസനയുമായ കത്താവേ! നിന്റെ കല്പനയാൽ യാത്രയയക്കപ്പെട്ടിരിക്കുന്ന ഈ നിന്റെ ദാസിയുടെ ആത്മാവിനും നിന്നിൽ വിശ്വസിച്ചവരും നിന്റെ ശരണത്തിൽ നിദ്രപ്രാപിച്ചവരുമായ സകല മരിച്ചുപോയവക്കും ഇപ്പോൾ ആശ്വാസാനുഭവവും പാപപരിഹാരത്തിന്റെ സന്തോഷവും നൽകണമെ. നിന്റെ ശ്രേഷ്ഠത ഉദിക്കുകയും നിന്റെ ദൈവത്വം വെളിപ്പെടുകയും ചെയ്യുന്ന ദിവസത്തിൽ നിന്റെ വലത്തുഭാഗത്തെ കുഞ്ഞാടുകളോടുകൂടെ നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുവാൻ ഇവളെ അർഹയാക്കിത്തീക്കുകയും ചെയ്യണമെ. ഹോശോ......

## കോലോ (കൂക്കൊയൊ)

പടുവൃദ്ധതയിൽ കാനാനിൽ-മൃതയാം സാറായെ
ഇസഹാക്കൊടുചേന്നബ്രാഹം-ചെയ്താൻ സംസ്ക്കാരം
നിൻശരണത്തിൽ-മരണമടഞ്ഞോളെ
ആത്മോക്തികളാൽ-സംസ്ക്കാരം ചെയ്യൂ
നാഥാ! സ്തൂതിയെന്നേവമിവൾ-ന്യായത്തീപ്പിൻ നാൾ
നിൻ വലമായ് നിന്നുച്ചത്തിൽ-ഘോഷിച്ചീടേണം
ഹാലേലുയ്യു-ഉ-ഹാലേലുയുയ ബാറെക്മോർ-
ശുബഹോ... മെനഓലം.....

സത്വരമൃതിയിൽ ഹാവാതൻ-മക്കളേ! കേഴല്ലെ

മന്നനുമേഴയുമിക്കാസാ-പാനം ചെയ്യേണം
മോറോൻ തന്റെ -മാറീന്നുണ്ടായ
ജീവനജലവും-പാവന നിണവും നിൻ
അംഗങ്ങളിൽനിന്നെരിതീയിൻ-ജ്വാലകളെ നീക്കും
പാതകമുക്തിയെ നീ നേടി-കർത്താവേ!ഋഷ്ഞ്ഞ് ച്ച് ക്ഷ്
ഹാലേലുയ്യ....എന്നാഘോഷിക്കും.

## മദറോശോ (സ്ലേക്ക് ലസലീബൊ)

ധ-ന്യൻ സഹജേ! മൃതിയാൽ നി-ന്നെ നീക്കി
ക-ന്നികളൊപ്പം-മണവറയിൽ-പാപ്പിച്ചോൻ.

ഹാ നമ്മെ വിളിക്കുന്നഴലാൽ-ഹാവമകൾ
ത-ൻ മരണദിനേ-വ്യഥ നമ്മൾക്കുയരുന്നു
തൽപാപം-മോചിച്ചീടണമെ
സത്തമരും-ധാമ്മികരും സഹിതം
മോദമെഴും-മണവറയിൽ-ചേക്കണമെ-നീയിവളെ.

വ-ത്സലസഹജേ! മരണത്താൽ-ഞങ്ങളിൽ നി-
ന്നീ-നാൾ നീ വേർ-പെട്ടതിനാൾ-കരയരുതെ
നീ മഹിമാ-വോടുത്ഥാനത്തിൻ
ദിവസത്തിൽ-കബറീന്നെഴുന്നേൽക്കും
ശാശ്വതമാം ലോകത്തിൽ-പുരുതേജസ്സണിയും നീ.

ആനന്ദിപ്പാൻ- ഭാഗ്യത്തിൻ-മണിയറയിൽ
സം-രക്ഷകനേ!-ദാസിയെ നീ-യേറ്റണമെ
ധാമ്മികരും-നിമ്മലമാനസരും
ചേന്നിവളാ- മോദിപ്പാൻ നാഥാ!
നിൻസ്ീബാ-യാപത്തിൽ-പാലമതായ്-തീരണമെ.
മൊറിയൊ......

## മാർ യാക്കോബിന്റെ ബോവൂസൊ

ദൈ-വാത്മാജനേ! ശാശ്വതരാജ്യത്താശ്വാസം നിൻ

ദാ-സിക്കേകുക ധാമ്മിക ശുദ്ധന്മാരോടൊപ്പം.

നി-ൻ കൈപ്പണിയാം മണ്ണിന്മേലമ്പുണ്ടാകേണം
ഉ-ത്ഥാനത്തിൽ ഹതരൂപത്തെപ്പുതുതാക്കേണം

നി-ൻ രാജ്യത്തിൽ പുതുതായിവളവകാശം നേടീ-
ട്ടാ-ത്മിയന്മാരൊപ്പം നിന്നെ വാഴ്ത്തീടട്ടെ.

പാ-താളത്തിൽ മരണം കൂട്ടിയൊരസ്ഥിക്കുന്നി-
ന്നേ-കുക ജീവൻ കൃപയാൽ നിന്നെ സ്തോത്രം ചെയ്യും

കമ്പികൾ പത്തും മൃത്യൂതകത്തിഹ മൌനം പൂണ്ടോ-
രീ-വീണയിലെൻ നാഥാ! കാട്ടുക സഹതാപം നീ

കംല്ലറയീന്നും മൃതരെയേറ്റീട്ടുത്ഥാനത്തിൽ
തേ-ജോമയമാം വ്രസ്ത്ം നൽകുന്നോനേ! സ്തോത്രം.

## സുറിയാനിക്രിസ്ത്യാനികളായ സ്ത്രീകളുടെ ശവസംസ്ക്കാരം

### രണ്ടാം ശുശ്രൂഷ

കൗമാ

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.
പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനെ ഞങ്ങളോടു കരുണ ചെയ്യണമെ. (മൂന്നു പ്രാവശ്യം ചൊല്ലണം)

പുരോഹിതൻ: ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.
പ്രതിവാക്യം: ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യൂണമെ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈകൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.

പുരോഹിതൻ: ദൈവമേ നിനക്കു സ്തുതി
പ്രതിവാക്യം: സൃഷ്ടാവേ നിനക്കു സ്തുതി പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ നിനക്കു സ്തുതി, ബാറെക്മോർ.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു ഞങ്ങൾക്കുതരണമെ. ഞങ്ങളുടെ കടക്കാരോടെ ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിനപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കത്താവ് നിന്നോടു കൂടെ, സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവളാകുന്നു നിന്റെ ഉദരഫലമായ നമ്മുടെ കത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യക മത്തമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും ദൈവംതമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമെ. ആമ്മീൻ.

പുരോഹിതൻ: ശുബഹോലാബോ......
പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.

## പ്രാരംഭപ്രാത്ഥന

മരണമുള്ളവരെ പാപമരണത്തിൽ നിന്ന് രക്ഷിക്കുവാൻ വേണ്ടി ജഡപ്രകാരം മരണമ നുഭവിച്ച ഉത്തമനും, മരണമില്ലാത്തവനുമായുള്ളോവേ! നിന്റെ കരുണയുടെ പ്രത്യാശയി ൽ നശ്വരമായ [illegible] ഞങ്ങളുടെ സഹോദരിയായ (ഇന്നാക്ക്) വേണ്ടി ഇപ്പോൾ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.
[illegible] 7 [illegible] പൂർണ്ണാശ്വാസം ഇവൾക്ക് നല്കുകയും നിന്റെ രാജ്യത്തിലുള്ള വിരുന്നിൽ തോഴ്ചക്കാരോടുകൂടെ ഇവളെ ഇരുത്തുകയം ചെയ്യണമെ ജീവനുള്ളവനും ജീവൻ നല്കുന്നവനുമായ പിതൃപുത്ര പരിശുദ്ധാത്മാവായ ഏക ദൈവമേ നീ . ഉത്തമനും മനുഷ്യസ്നേഹമുള്ളവനും ആകുന്നുവല്ലോ. നിനക്കു എന്നേക്കും ബഹുമാനം യോഗ്യമാകുന്നു . മൊറാൻ വലോഹൻ ..... അമ്മീൻ.

## കുക്കിലിയോൻ (ആറാം നിറം)

വാഴ്ത്തുക നാഥനെയെന്നാത്മാവേ!-ഹാലേലുയ്യ
ഓർക്കുക തൽ പ്രതിദാനങ്ങൾ.
നാശമൊഴിച്ചവനം ചെയ്യും- ഹാലേലുയ്യ
വേദനകൾക്കേകും ശമനം. ബാറെക്മോർ-
ശുബഹോ...മെനഗാ..

## എക്ക്ബൊ

എന്റെ ശരിരം ഭക്ഷിച്ചെൻ
രക്തം പാ-നം ചെയ്യുന്നോൻ
എന്നിലമന്നിടുമവനിൽത്താൻ
ഞാനുമമന്നിടുമവസാനം
ജീവൻ ഞാനവനേകിടുമെ-
ന്നോതിയ നിൻ മൊഴി നിറവേറ്റാൻ

വിശ്വാസമെഴും മൃതലോകം
നിൻ വരവിൻ-ദിവസത്തിന്നായ്
നോക്കിപ്പാക്കുന്നേൻ നാഥാ!
നിൻപ്രത്യാശ-യിൽ നിദ്രിതരാം
നിന്നടിയാരെ കർത്താവേ!
കൃപയാൽ ജീ-വിപ്പിക്കേണം.
സ്തൌമെൻകാലോസ്........

## ( പ്രുമിയോൻ, )

നാശത്തോടെ വിതയ്ക്കുപ്പെടുന്ന മരിച്ചവരെ നാശം കൂടാതെ ഉയിപ്പിക്കുകയും, അപമാനത്താൽ വിതയ്ക്കുപ്പെടുന്നവരെ, മഹത്വത്തോടെ ജീവിപ്പിക്കുകയും, ചിതറി ഇരിക്കുന്നവയും ബലഹീനതയുള്ളവയുമായ അസ്ഥികളെ ശക്തി ധരിപ്പിക്കുകയും, ജഡീകമായ ശരീരങ്ങൾക്ക് ആത്മീയാവസ്ഥ നൽകുകയും ചെയ്തവനായ ജ്ഞാനമുള്ള സ്രഷ്ടാവും സ്ഥിരതയോടെ നവീകരിക്കുന്നവനും ആയ തന്നെ നാം ഓത്ത് മഹത്വപ്പെടുത്തണം. തനിക്ക് തന്റെ ദാസിയുടെ ശവസംസ്ക്കാര ശുശ്രൂഷ നടത്തപ്പെടുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും ..

## സെദറാ

മരണമില്ലാത്തവനും അഴിവില്ലാത്തവനുമായ ദൈവവും, മരണമുള്ളതും അഴിവുള്ളതുമായ ഞങ്ങളുടെ സ്വഭാവത്തിന്റെ നാഥനും, സ്രഷ്ടാവും ശരീരങ്ങളിലിരിക്കുന്നവരും ശരീരങ്ങളിൽ നിന്ന് പുറപ്പെട്ടുപോകുന്നവരുമായ സകലരുടേയും ദേഹികളും ആത്മാക്കളും തന്റെ കയ്യിൽ ഇരിക്കുന്നവനായി നീതിമാന്മാരുടെ ശരണവും പുണ്യവാന്മാരുടെ പ്രത്യാശയുമായുള്ളോവേ! സകലരുടേയും സഹായത്തിനും രക്ഷയ്ക്കുമായി ന) കൂട്ടി സൂക്ഷിച്ചുകൊണ്ട് ഇവിടെയുള്ള ആയുസ്സിലും അവിടെയുള്ള യാത്രയിലും എല്ലാവനും

ഉചിതമായിരിക്കുന്നവയെ കത്താവ് നൽകുന്നു. കത്താവിന്റെ സംരക്ഷണയുടെ പരിശോധിക്കപ്പെടാവതല്ലാത്ത ആഴത്തിൻ പ്രകാരവും സകലത്തെയും കവിയുന്നതുമായ കത്ത്യമുന്നറിവാൽ ഈ ആയുസ്സിൽ നിന്ന് ഈ ആത്മാവിനെ കത്താവ് നീക്കിയിരിക്കുന്നു. കത്താവിന്റെ അനുഗ്രഹങ്ങളുടെ സമ്പത്തിൻപ്രകാരവും, ആദ്രകരുണയിൻ പ്രകാരവും ഇതിനോടുകൂടെ അനുയാത്ര ചെയ്ത് അവിടെയുള്ള ഭയങ്കര കടവുകളിൽ അതിന് നേരിടുന്നതായ പ്രതികൂല എതിപ്പുകളിൽ നിന്ന് അതിനെ വീണ്ടുകൊള്ളുന്നവരായ സമാധാനദൂതന്മാർ മൂലം ഇതിനെ കൈക്കൊള്ളണമേ. ഈ കത്ത്യദാസി മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും തിരുമുമ്പാകെയും അല്ലാതെയും ചെയ്തിട്ടുള്ള പാപങ്ങളെയും തിന്മകളെയും പുണ്യമാക്കി അളവില്ലാത്ത അനുഗ്രഹങ്ങളുടെ ബഹുത്വപ്രകാരം, ക്ഷമിച്ചു മായിച്ചു കളയണമെ. ഞങ്ങള ല്ലാവരും പുഴിയാകുന്നെന്നും,

പാപങ്ങളാൽ ബന്ധിക്കപ്പെട്ടിരിക്കുന്ു്വെന്നും സ്ത്രീയിൽ നിന്ന് ജനിച്ചവരിൽ തിരുമുമ്പാകെ കുറ്റമില്ലാത്തവനില്ലന്നും, ഒരുനാഴികപോലുമെങ്കിലും ഭൂമിയിൽ പാപം കൂടാതെ ജീവിപ്പാനും വസിപ്പാനും കഴിയുന്നതല്ലുന്നും ഓത്തുകൊള്ളണമെ. എന്നാലോ കത്താവേ! ഹൃദയപൂവ്വം കത്താവിന്റെ അടുക്കൽ ഞങ്ങൾ സങ്കടത്തോടെ നിലവിളിക്കുന്നതിനാൽ കരുണയുള്ളവനെപ്പോലെയും എല്ലാവരോടും കരുണചെയ്യുന്ന വനെപ്പോലെയും തവ കൃപയും മനുഷ്യസ്നേഹവും ഇവളുടെ പക്കൽ കാണിക്കണമെ. പ്രകാശത്തിന്റെദവനങ്ങളിലും സ്വഗ്ഗത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതന്മാരുടെ ഈശ്ശ്രേമ്യസഭയിൽ സ്വഗ്ഗീയ ആശ്വാസസ്ഥലങ്ങളിലും ഇവളെ വസിപ്പിക്കണമെ. നിവ്യാജമായ തിരുവചനപ്രകാരം ശക്തിയോടും വലിയ മഹത്വത്തോടും കൂടെ ആകാശമേഘങ്ങളിൽ കത്താവ് എഴുന്നള്ളി വരുകയും കത്താവിന്റെപരിശുദ്ധമാലാഖാമാർമൂലം ആകാശത്തിന്റെ

നാലുകോണുകളിൽ നിന്ന് കത്താവിന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ കത്താവ് കൂട്ടിച്ചേക്കുകയും സകലത്തേയും ജീവിപ്പിക്കുന്ന കത്ത്യശബ്ദത്താൽ കബറുകളിൽ ഇരിക്കുന്നവർ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുമ്പോൾ കത്താവേ! ഇന്ന് ഞങ്ങളുടെ ഇടയിൽ നിന്ന് വാങ്ങിപ്പോയിരിക്കുന്ന ഈ തവദാസിയെഅനുഗ്രഹങ്ങളുടെ സ്മരണയാൽ ഓത്തുകൊള്ളണമെ. അവളുടേയും ഞങ്ങളുടടേയും ലഇജ്ണാകരമായ പ്രവൃത്തികളെയും ഞങ്ങളുടെ നിന്ദ്യമായ കാര്യങ്ങളുടെ നാണത്തെയും കത്താവിന്റെ ഭയങ്കര സിംഹാസനത്തിൻ മുമ്പാകെ കത്ത്്യകരുണ മൂടിക്കളയുമാറാകണമെ. കത്താവേ! തവ സ്വരുപത്തിലും സാദൃശ്യത്തിലും ഞങ്ങളെ സൃഷ്ടിക്കയും പരിശുദ്ധ തൃക്കൈകളാൽ ഞങ്ങളെ മെനഞ്ഞുണ്ടാക്കുകയും ഞങ്ങൾ നഷ്ടപ്പെട്ടതിന്റെ ശേഷം പരിശുദ്ധ കഷ്ടാനുഭവങ്ങളാൽ ഞങ്ങളെ രക്ഷിക്കയും തിരുശരീരരക്തങ്ങളിൽ ഞങ്ങളെ സംബന്ധിപ്പിക്കുകയും ചെയ്തു. ഞങ്ങളുടെ വാക്കുകൾക്കും പ്രവൃത്തികൾക്കും അനുസരണമായി ഞങ്ങളെ വിധിക്കുമെങ്കിൽ മനുഷ്യജാതം ചെയ്തിട്ടുള്ള ഞങ്ങൾക്കെല്ലാവക്കും ദുരിതമാകുന്നു. ആകയാൽ ഉത്തമനേ!ദയതോന്നി ക്ഷമിക്കണമെ. കരുണയുള്ളവനേ! മനസ്സലിയണമെ. തിരുമുമ്പാകെയുണ്ടാകുന്ന സകല ലജ്ജയിൽ നിന്നും നാണത്തിൽ നിന്നും വരുവാനിരിക്കുന്ന നരകവേദനകളിൽ നിന്നും ഞങ്ങളെ രക്ഷിച്ച് വീണ്ടുകൊള്ളുണമെ. വിലപിച്ചിരിക്കുന്നവരെ ആശ്വസിപ്പിക്കണമെ. ദുഃഖിതരെ ധൈര്യപ്പെടുത്തണമെ. പാപങ്ങളാലും തിന്മകളാലും മലിനപ്പെട്ടിരിക്കുന്നവരെ കുറ്റമില്ലാത്ത നല്ല അവസാനത്തിനും കത്താവിന്റെ വരവിന്റെ അവസാന നാളിൽ തിരുമുമ്പാകെയുള്ള മുഖപ്രസാദത്തിനും യോഗ്യരാക്കണമെ. എന്തെന്നാൽ ദൈവമേ! കത്താവ് സകലരോടും കരുണ ചെയുന്ന വനും, മനുഷ്യരെ സ്നേഹിക്കുന്നവനുമായ ദൈവമാക്കുന്നു. കത്താവിന് സ്തൂതിയും ബഹുമാനവും കൃതജ്ഞതയും യോഗ്യമാകുന്നു. ഹോശോ........

## മാനീസൊ

പെത്ഗോമൊം- നീതിയിൻ വാതിൽഎനിക്കായി തുറന്നുതരണമെ

സ്വർഗ്ഗീയാംഗ്യം വത്സലരേ!
ആത്മത്തെ മെയ്യതിൽ നിന്നും
നീക്കിനയിപ്പാൻ വാനവരെ
വിട്ടിടുമാ സമയം ഘോരം.
ദൂതന്മാരെ ദൂരെക്ക-
ണ്ടാത്മാവന്തിക വാസികളെ
ശരണം പ്രാപിച്ചുടനേ തൻ
ചരിതത്തെപ്പരിശോധിപ്പൂ
പാപമലീമസമാണെങ്കിൽ
താപമൊടാത്മം കേഴുന്നു
സൽക്കമ്മങ്ങളെ ദശിച്ചാൽ
ഉൾക്കുതുകത്തോടോതീടും.
ദേവേശാ! നിന്തിരുമെയ്യും
രക്തവുമെന്നെ നീ തീറ്റി
ന്യായസ്ഥാനത്തവരണ്ടും
ധൈര്യമെനിക്കേകീടട്ടെ.
ശുദ്ധന്മാരുടെ കൂട്ടത്തിൽ
സ്തോത്രം ഞാൻ പാടും സ്ത്രോത്രം.

## കോലൊ (്ശാലെം നൂഹറൊ)

ലിഖിതം-പോലവസാനദിനേ
പാരും-വാനും മായുമ്പോൾ
താരം സകലം വീഴുമ്പോൾ
ജോതിർ ന്നികരം നീങ്ങുമ്പോൾ
നാഥാ!-സാധ്വികളൊത്തെന്നെ
കാത്തീടേണം-വാഴ്ത്തും ഞാൻ നിന്നെ. ബാറെക്മോർ-ശുബഹേം....

മൃതലോ-കത്തിൽ ലാസറിനും
യായീ-റോസിൻ പുത്രിക്കും
വിധവാനന്ദനനും ജീവൻ
ദാനം ചെയ്യൊരു ശബ്ദം താൻ
നിന്നെ-പുനരുത്ഥാനത്തിൽ
മണ്ണിതിൽ നിന്നും-ജീവിപ്പിക്കട്ടെ.

## കോലൊ (ശ്രലക്കൊ മ്നഫ്മോനോ)

നിന്നി-ഷ്ടം ചെയ്യൊരു-ധാമ്മികർതൻ പ്രാത്ഥനയാലെ
ജീവിതലക്ഷ്യ-വിശ്രാമം നേടി
അന്ത്യേ-സർവേശാ!-നിന്നുടെ കരുണാഭാജനമായ്
നിന്തിരുനാമം-സ്തുതിചെയ്യേണമിവൾ. ബാറെക്മോർ-ശുബഹോ....

എൻഗാ-ത്രം ഭക്ഷി-ച്ചുയിരേലും രുധിരം പാനം
ചെയ് വോനെ ഞാൻ-വെടിയാ ശീയോളിൽ
എന്നാ-ലവനെന്നും-ജീവിപ്പാൻ ഞാൻ മൃതനായെ-
ന്നീശൻ ചൊന്നോ-രാവചനം സ്തുത്യം.

## മദറോശൊ (ഹബ്ലൻ മോറാൻ)

മൃതരെയുത്ഥാനത്തിൽ-സ്വ-ർഗ്ഗേ
കാ-ണ്മാൻ-കത്താവേ! ഭാഗ്യം നലകീ-ടേ-ണം.

നീതിവിധീശനൊടാത്മാ-വേ-വം
യാ-ചിച്ചോതീടു-ന്നതു ഞാൻ കേട്ടേ-നല്ലോ

മൃതിഗതരെപ്രതി നാഥാ!-യ-ങ്ങേ-
ംരള്ള ജ്ഞ ഞ്ഞ ഝഝ്വലികളി-ലെന്നെ രോധി-ക്ക-ല്ലേ.

പാപികളീന്നും ശിഷ്ട-ന്മാ-രെ

വേ-റാക്കീടാ നീ-റേന്മാർ വന്നീടു-മ്പോൾ

കാരുണ്യത്തിൻ ചിറകിൻ-കീ-ഴിൽ
നാ-ഥാ! ചേത്തിവളെ-കാക്കുക നരക-ത്തീന്നും.

ഇവളെ വിധിച്ചീടരുതേ-നാ-ഥാ!
ജീ-വിപ്പവരിലെവൻ-വിമലൻ തിരുമു-മ്പാ-കെ

നാ-ഥാ! ഇവളിൽ സ്ഥിതിചെയ്തീടും
നി-ന്നോഹരിയഗ്നി-ക്കിരയായ് നൽകീ-ടല്ലേ. മൊറിയൊ......

## മാർ അപ്രേമിന്റെ ബോവൂസൊ

ആർദ്രതയാൽ നാഥാ ദേവാ!
ദാസിക്കേകണമെ പുണ്യം
നിന്മഹിമോദയ നാൾ തന്നിൽ
നിർത്തണമെ വലമായിവളെ.

ഇവളെ ധമ്മിഷ്ഠന്മാരൊ-
ത്തൻപാൽ നീ പാപ്പിക്കേണം
ദോഷത്തെയോത്തീടാതെ
വീഴ്ചകളെ മായിക്കേണം.

പ്രാത്ഥനകേട്ടിവളെ പുണ്യം
ചെയ്യോരോടൊന്നാക്കേണം
ആ നിരയിൽ സ്തോത്രം നാഥാ!
പാടീടട്ടിവൾ നിൻപേക്കായ്
മൃതരും ജീവിക്കുന്നോരും
വാഴ്ത്തീടും നിന്നെയെന്നും

ആർദ്രതയാൽ നാഥാ ദേവാ!
ദാസിക്കേകണമെ പുണ്യം
നിന്മഹിമോദയ നാൾ തന്നിൽ
നിർത്തണമെ വലമായിവളെ.

## സൂറിയാനിക്രിസ്ത്യാനികളായ സ്ത്രീകളുടെ ശവസംസ്ക്കാരം

### മൂന്നാം ശുശ്രൂഷ

കൗമാ

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.
പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു. മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനെ ഞങ്ങളോടു കരുണ ചെയ്യണമെ. (മൂന്നു പ്രാവശ്യം ചൊല്ലണം)

പുരോഹിതൻ: ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.
പ്രതിവാക്യം: ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യൂണമെ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈകൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.

പുരോഹിതൻ: ദൈവമേ നിനക്കു സ്തുതി
പ്രതിവാക്യം: സൃഷ്ടാവേ നിനക്കു സ്തുതി പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ നിനക്കു സ്തുതി, ബാറെക്മോർ.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു ഞങ്ങൾക്കുതരണമെ. ഞങ്ങളുടെ കടക്കാരോടെ ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിനപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ

രാജ്യവും ശക്തിയും മഹത്വവും-എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കത്താവ് നിന്നോടു കൂടെ, സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവളാകുന്നു നിന്റെ ഉദരഫലമായ നമ്മുടെ കത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യക മത്തമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും ദൈവംതമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമെ. ആമ്മീൻ.

കരുണയുള്ള ദൈവമായ കർത്താവേ നിന്നിൽ ഞങ്ങൾ അഭയം പ്രാപിച്ചുകൊണ്ടു നിന്റെ കർത്തൃകല്പന പ്രകാരം നിദ്രപ്രാപിച്ചിരിക്കുന്ന ഈ ദാസിയുടെ ആത്മാവിനു വേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു. കത്താവേ! ദുഷ്ടന്മാരായ മത്സരക്കാരുടെ വലകളിൽനിന്നും അദൃശ്യരായ അന്ധകാരസേനകളിൽ നിന്നും ഇവളെ സംരക്ഷിച്ച് നീതിമാന്മാരുടെ കൂട്ടത്തിൽ രക്ഷസ്ഥാനത്ത് ചെന്ന് ചേരുവാനും നിന്റെ വിശുദ്ധൻമാരോട് ഒന്നിച്ചു എന്നേക്കും വസിക്കുവാനും ഇവൾക്കു സംഗതിയാ ക്കേണമെ . ഹോശോ.....

## കുക്കിലിയോൻ (ഏഴാം രാഗം)

നീ ജീവനെടുത്തീടുമ്പോൾ ഹാലേലുയ്യു-ഹാലേലുയ്യ
മൃതരായ് മണ്ണിൽ-ചേരുന്നു.
കർതൃമഹത്വം വാഴട്ടെന്നും ഹാലേലുയ്യു-ഹാലേലുയ്യു
തൻ ക്രിയളിലൂടയോൻ-തെളിയട്ടെ. ബാറെക്മോർ-ശുബഹോ.....മെനഓലം.....

## എക്ബൊ

പ്രിയനാം ലാസറിനെക്കബറീ-
ന്നേഴുന്നേല്ലിച്ചോനെ വാഴ്ത്താൻ വന്നിടുവിൻ.
മൃതിപാശത്തീന്നും വിധവാ-
സുതനെ വിടുവിച്ചോനെ നാമെല്ലായ്യോഴും
വിശ്രമമെന്നേ സ്തുതി ചെയ്താരാധിക്കേണം.
സ്തൌനമെൻകാലോസ്...

## (പ്രുമിയോൻ, സെദറ)

മരിച്ചവരെ ജീവിപ്പിക്കുന്നവനും കബറടക്കപ്പെട്ടവരെ എഴുന്നേല്ലിക്ടന്നവനും ന്യായാധിപതിമാരുടെ ന്യായാധിപതിയുമായ കത്താവിനു സ്തൂതി. തന്റെ ദാസിയുടെ ശവസംസ്ക്കാരശുശ്രൂഷ നിവഹിക്കപ്പെടുന്ന ഈ സമയത്തും തന്നെ നാം ഓത്തുമഹത്വപ്പെടുത്തണം. ബ്ക്ലൂഹൂൻ,

## സെദറ

ആദിയിൽ ഉണ്ടായിരുന്നവനും ഇപ്പോൾ ഉള്ളവനും, എന്നെന്നേ ക്കും നിലനിൽക്കുന്നവനും, തന്റെ പിതാവിന്റെ മഹത്വത്തിൽ വിശുദ്ധമാലാഖാമാരോടുകൂടെ വരുവാനിരിക്കുന്നവനുമായ മ്ശിഹാ തമ്പുരാനേ! സംഖ്യാതീതമായ നിരകളും ഗണങ്ങളും പതിനായിരങ്ങളും തിരുമുമ്പാകെ പരിഭ്രമിച്ച് വിറച്ചുകൊണ്ട് നിൽക്കുന്നു. ഭങ്കരന്മാരായ ക്രോബേന്മാരും സ്ഥിരതയുള്ള ഗണങ്ങളും സ്വഗ്ഗീയമായ മേഘങ്ങളിൽ കത്താവിനെ ആഘോഷിക്കുന്നു. കത്താവിന്റെ ഉഗ്രമായ ശബ്ദത്തിൽ കത്താവ് അട്ടഹസിക്കുമ്പോൾ മരണം വീണുപോവുകയും പാതാളം നശിച്ചു പോവുകയും ആദിഭൂതങ്ങൾ അഴിഞ്ഞുപോവുകയും, ഭൂമിയിൽ ദ്രവിച്ചു പോയ സർവ്വശരീരങ്ങളും പുനരായി

സൃഷ്ടിക്കപ്പെടുകയുംചെയ്യൂന്നു. സകലത്തിന്റേയും സൃഷ്ടാവും നിമ്മിതാവുമെന്ന നിലയിൽ സൃഷ്ടിശക്തിയുള്ള വചനത്താൽ കത്താവു വീണ്ടും അവയെ സജ്ജീകരിക്കുന്നു. നന്മയാകട്ടെ തിന്മയാകട്ടെ അവനവൻ പ്രവത്തിച്ചിടടുള്ളവയെക്കുറിച്ച് സമാധാനം ബോധിപ്പിക്കുവാനായി സകല വംശങ്ങളും ഗോത്രങ്ങളും പരിഭ്ൂമജനകവും ഭയങ്കരവുമായ കത്താവിന്റെ സിംഹാസനത്തിൻമുമ്പാകെവന്നുകൂടുകയും ചെയ്യുന്നു. ബലവാനും കാരുണ്യവാനുമായ ദൈവമായ കത്താവേ! ഇവയെല്ലാം സംഭവിക്കുകയും പ്രവത്തിക്കപ്പെടുകയും ചെയ്യുന്നതായ ആ സമയത്ത് കത്താവിലുള്ള പ്രത്യാശയോടെ നിദ്രപ്രാപിച്ചിരിക്കുന്ന ഈ സഹോദരിയെ കത്താവിന്റെ വലത്തു ഭാഗത്തു നിറുത്തികൊള്ളണമെ. “എന്റെശരീരംഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്ന ഏവനും എന്നിലും ഞാൻഅവനിലും വസിക്കുന്നു. അവസാനദിവസത്തിൽ ഞാൻ അവനെ ഉയിത്തെഴുന്നേല്പിക്കും” എന്ന് ജീവനുള്ള തിരുവായ്കൊണ്ട് അരുളിച്ചെയ്തിട്ടുള്ളതായ ആ വചനം ഞങ്ങളിലും ഇവളിലും നിറവേറ്റണമെ. ഞങ്ങളും ഞങ്ങളുടെ പരേതരും തവവലത്തുഭാഗത്തു നിന്നുകൊണ്ട് തിരു കരുണയെകാണുകയും തനിക്കും തന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ഹോശോ......

## (അൽതറഏ്റ ദമ്ദീനോസൊ)

നഗരകവാടം വഴിയായ് ഞാൻ-പോ-കു-
ന്നേരം കോട്ടേനൊരു നാദം
ശ്രദ്ധിച്ചേൻ ചെന്നരികേ നി-ന്നേറ്റം
വേ-ദം തോ-ന്നും നിനദത്തെ.

ലളിതകളേബര തരുണന്മാ-രേയും
ബാ-ലന്മാ-രേയും കണ്ടേൻ

പ്രഭു വനിതകളും ദാസികളും-സന്താ-
പാ-രാവ-ത്തിൽ പാടുന്നു.

വ്യസന സമേതം ചോദിച്ചേൻ-കേ-ഴു-
ന്നെ-ന്തിന്നേ-വം സുന്ദരരേ!
വ്്യഥയോടെന്തിനു പാടീടു-ന്നെ-ന്നോ-
ടോ-തീ മൂഡമാ മിണ്ടാതെ".

നീ കാണുന്നൊരു സൌന്ദര്യംഠപാ-താ-
ള-ത്തി-ൽ-പാഴായ് പോയീടും
ഈ രക്താംബര രചിരതയെ-ഈ-യു-
ള്ളോ-ർതൻ-ഭൂഷാ സുഭഗതയെ.

മരണമശേഷം മായിക്കും; ഈ-സൌ-
ന്ദ-ര്യം പ്രാ-തഃകാലത്തിൽ
തെളിവാകും സൂര്യനു തുല്യം; ഈ-സൌ-
ന്ദ-ര്യം പാഴ്പുൽക്കൊടിയിന്മേൽ.
തങ്ങും തൂമഞ്ഞിനു തുല്യം;- ഈ-സൌ-
ന്ദ-ര്യം സ-ന്ധ്യാ വേളയതിൽ

വാടീടും പൂവിനു തുല്യം;-പാ-താ-
ള-ത്തിൽ പാഴാം രൂപത്തിൽ.
കനിയുക കനിയുക കർത്താവേ! ജീ-വൻ
നൽ-കിത്തേ-ജോവസനം നീ
അതിനെയണിയിച്ചീടണമെ; സർ-വ്വാ-
ധീ-ശാ സ്തോത്രം സ്തോത്രം -തേ.

## കോലൊ (ത്തൂബൈക്ക് ഈത്തോ)

ദേവേശാ! നിൻ പരിചാരിക തന്നാത്മത്തെ
സസമാധാനം കൈക്കൊൾക
കന്മഷമഖിലം മോചിക്ക
ഇവളെ വിധിക്കരുതേ നാഥാ!
നിമ്മായൻ നിയേ-കൻ-താൻ

അപരാധികളഹിച്ചീടും
നരകത്തീന്നിവൾ രക്ഷിതയായ്
കല്പന കാത്തവരോടൊപ്പം
ശോഭന മണവറ പൂ-കേ-ണം ബാറെക്മോർ-
ശുബഹോ......

ഹാ! മൃതിയേ നീ ഞെളിയേണ്ടാ മൃതരാ-യോർ-മേൽ
അവരുടെ മേൽ തെല്ലില്ല നിന-
ക്കധികാരവുമവകാശമതും
ബലവാനാം സ്രഷ്ട്യാവവരെ
വിസ്തരണം ചെയ്യും-നൂ-നം
സാക്ഷാലവകാശികളും തൽ
സുതരും ദാസരുമവരല്ലോ
നിൻ കൈകളിൽനിന്നവരെ വീ-
ണ്ടേകും സ്വർഗ്ഗമഹാ-രാ-ജ്യം.

## കോലൊ (ത്രൈഹുൻ ഒലമെ)

അഞ്ചീ-ടാ മരണത്തെ ഞാൻ
നിദ്രാഭീതിയുമി-ല്ലെന്നിൽ
ദൈവം-തീയിൽ നടത്തീടും
വിധിയോർ ത്തൊ ഞ്ഞു-ന്നേൻ ഞാൻ ബാറെക്മോർ-
ശുബഹോ.....

നീ വാഗ്ദാനത്തിൻ നാടായ്
സ്വർഗ്ഗമഹത്വം ചാത്തിടും,
സുനുധ്വനി ജീവൻ നൽകി
നിന്നെ വലത്തായ് ചേജ്ത്തീടും.

## മദറോശോ (്രർദൈസൊ)

കാന്തനുകാത്തോരാം-കന്യാസ്ത്രീകളെ നീ
പ്രാപിക്കും സഹജേ! പുനരുത്ഥാനത്തിൽ

1.വ്യാകുല ലോകമതെൻ-ചിന്താവിഷയമതായ്
ആദിമകാലത്തേ-യ്ക്കെൻ മാനസമോടി
സൃഷ്ടിയെയോത്തൊരു ഞാൻ-വെമ്പീ ശാപത്താൽ
മൃത്യു നിമിത്തം വേർപിരിയും നാൾവരെയും
നാരികളത്യധികം-വ്യഥയിൽ നാൾപോക്കി
വേദനയൊടു സുതരെ-പ്രസവിച്ചീടുന്നു.

2.ജീവൻ പൊയ്പോയ് വേർ-പിരിയും മാതാവേ!
നോക്കീടുമാത്മജരിൽ-നെടുവീപ്പുയരുന്നു.
തായില്ലാപ്പറവ-കുഞ്ഞുങ്ങൾക്കൊപ്പം
അതിസന്താപത്താൽ രോദിച്ചീടുന്നു.
ഈ ദീനാരാവം-കേൾക്കുന്നോരെല്ലാം
ഖേദത്താലവരോ-ടൊപ്പം കരയുന്നു.

3.ദൂതൻ ചാരേ-വ-ന്നെന്നെക്കൊണ്ടിഹപോയ്
മാരകബാണത്താ-ലെന്നിൽ ഭൂമമേറ്റി
നിർദ്ദയ പീഡകളാൽ-മദ്ദിച്ചംഗങ്ങൾ
കാണ്മീൻ വടി മൂന്നാലെന്നെത്താഡിച്ചാൻ
ഞാനാശ്രയഹീന-ഞാനയ്യോ ദീന
നിൻ സൃഷ്ടിയെ നാഥാ! കൃപയാൽ പുതുതാക്ക.

## മാർ ബാലായിയുടെ ബോവൂസൊ

കരുണാസമ്പൂണ്ണ്ണാ! പുനരുത്ഥാനദിനേ
നിന്നുടെ സൃഷ്ടിയെ നീ-നവമാക്കീടേണം.

പതിബന്ധം മൃതിയാൽ-വേറായ് മെയ് രണ്ടായ്
ത്തീന്നൊരു സഹജയ്ക്കായ്-പ്രാത്ഥിപ്പിൻ നിങ്ങൾ

അവരൊന്നാകണമേ-പുനരുത്ഥാനത്തിൽ
മോചിക്കുക പാപം-മായിക്കുക ദോഷം

സത്യ് മെഴും വിധിയിൻ-നാളിൽ പാടേണം
പരിശുദ്ധന്മാരൊ--ത്തിവൾ നിൻ സ്തുതി ഗീതം.

വന്നവനും വരുവോ-നും മൃതർ തന്നുയിരും
സ്തൂതനെന്നു ശരീരാ-ത്മാക്കൾ പാടണമെ.

## സുറിയാനിക്രിസ്ത്യാനികളായ സ്ത്രീകളുടെ ശവസംസ്ക്കാരം

### നാലാം ശുശ്രൂഷ

കൗമാ

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.
പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനെ ഞങ്ങളോടു കരുണ ചെയ്യണമെ. (മൂന്നു പ്രാവശ്യം ചൊല്ലണം)

പുരോഹിതൻ: ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.
പ്രതിവാക്യം: ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യൂണമെ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈകൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.

പുരോഹിതൻ: ദൈവമേ നിനക്കു സ്തുതി
പ്രതിവാക്യം: സൃഷ്ടാവേ നിനക്കു സ്തുതി പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ നിനക്കു സ്തുതി, ബാറെക്മോർ.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു ഞങ്ങൾക്കുതരണമെ. ഞങ്ങളുടെ കടക്കാരോടെ ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിനപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കത്താവ് നിന്നോടു കൂടെ, സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവളാകുന്നു നിന്റെ ഉദരഫലമായ നമ്മുടെ കത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യക മത്തമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും ദൈവംതമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമെ. ആമ്മീൻ.
പുരോഹിതൻ: ശുബഹോലാബോ......
പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.

പുരോഹിതൻ: ശുബഹോലാബോ......
പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.

## പ്രാരംഭപ്രാത്ഥന

ദൈവമായ കത്താവേ! താൽക്കാലിക ജീവതത്തിൽ നിന്ന് ഉഝ് ഛക്ഇ വേർപെട്ട് ഈ വ്യർ ത്ഥലോകത്തിൽ നിന്ന് യാത്രയായിരിക്കുന്ന ഈ ആത്മാവ് ൻത്ഥധച്ഛങ്ങ ളൂഷ്ഡ്ക്ഷ്ണ്ബ് ആശ്വാസവും സന്തോഷവും ആനന്ദവും നിറഞ്ഞ സ്ഥലങ്ങളിലേക്ക് പരിശുദ്ധ മാലാഖമാരാൽ നയിക്കപ്പെടുവാനും അവിടെവച്ച് മുഖപ്രസാദത്തോടെ നിന്റെ എതിരേൽക്കുവാനും സംഗതിയാക്കേണമെ അബോ വബറോ ...........

## കുക്കിലിയോൻ (എട്ടാ നിറം)

പൂകട്ടെൻ പ്രർത്ഥന തിരുമുമ്പിൽ-ഹാലേലുയ്യ
ശ്രദ്ധിച്ചീടണമെൻ-യാചനയെ.
ചിന്തിച്ചേൻ കുഴിയതിൽ വീണവരെപ്പോൽ-ഹാലേലുയ്യ
തൂണയറ്റൊരു നരനെ-പ്പോലായ് ഞാൻ.

ബാറെക്മോർ-ശുബഹോ....... മെനഓലം.....

## എക്ബൊ [।। (യൌമോനൊ)

മൃതിയാന്നോരേ-സൌഭാഗ്യം
നിങ്ങൾക്കുത്ഥാന-ത്തിൻ നാളിൽ
ഉൾക്കൊണ്ടോരുയിരിൻ-തിരുമെയ്യും
മോചനമേകും തിരൂരക്തമതും
നിങ്ങളെ നിത്തീടും-വലഭാഗേ.
സ്തൌമെൻകാലോസ്..........

## ( പ്രുമിയോൻ, സെദറാ )

ആത്മാക്കളുടെ സൃഷ്ടാവും ശരീരങ്ങളുടെ നിമ്മിതാവും നിമ്മിതമായവയുടെ ശരണവും, സൃഷ്ടികളുടെ പ്രത്യാശയും കബറടക്കപ്പെട്ടവരുടെ പുനരുത്ഥാനവും

മരിച്ചുപോയവരുടെ ഉയിപ്പും ദുഃഖിച്ചിരിക്കുന്നവരുടെ ആശ്വാസവും വിഷാദിച്ചിരിക്കുന്നവരുടെ ആഹ്ലാദവും വിലാപത്തിലിരിക്കുന്നവരുടെ സന്തോഷവും മനോവേദനയിൽ ഇരിക്കുന്നവരുടെ ധൈര്യവുമായ കത്താവിന് സ്തുതി. തന്റെ ദാസിയുടെ ശവസംസ്ക്കാര ശുശ്രൂഷ നിവഹിക്കപ്പെടുന്ന ഈ സമയത്തും

## സെദറാ

ആദ്യന്തമില്ലാത്ത തേജസ്സും മഹാകാരുണ്യവാനും സത്യവാനും, മരണമില്ലായ്മയുടെ പ്രഭയും ജീവനുംഉറവയും, സകലത്തിന്റേയും സ്രഷ്ടാവും ലോകത്തെയും അതിലെ അവസ്ഥാന്തരങ്ങളെയും ക്രമീകരിക്കുന്നവനുമായ കത്താവേ! കത്താവ് ഭഈങ്കരനും കത്താവിന്റെ കല്പനയിൽ മഹനീയനും ദീഘക്ഷമയുള്ളവനും കാരുണ്യവാനും ആകുന്നു. യാതൊരു രഹസ്യവും തവ ദിവ്ൃദൃഷ്ടിക്ക് അഗോചരമല്ല. ആലോചനകളുടെ ആഴവും ഹൃദയചിന്തകളും തിരുസന്നിധിയിൽ പരസ്യമായി വെളിപ്പെട്ടിരിക്കുന്നു. തവതീരുമാനങ്ങൾ അപരിമിതങ്ങളും തവ മാഗ്ഗങ്ങൾ ദുർഗ്രഹങ്ങളുമാകുന്നു മരണത്തെ മായിച്ചു കളയുവാനും മനുഷ്യ സംഹാരകനായ മഹാസപ്പത്തെ കൊല്ലുവാനുമായിട്ട് യേശുമ്ശിഹായെന്ന തിരു വത്സലപുത്രനെ ലോകത്തിലേക്ക് അയയ്ക്കുകയും താല്പര്യമുള്ള സകല ആത്മാക്കൾക്കും രക്ഷയും മരണമില്ലായ്മയും യേശുമ്ശിഹാ പ്രസംഗിക്കുകയും ചെയ്തു. തിരുകല്പനപ്രകാരം ക്ലേശപൂണ്ണമായ ഈ ലോകത്തിൽ നിന്ന് ശ്രേഷ്ഠവും അനശ്വരവുമായ ലോകത്തിലേക്കു ഞങ്ങൾ അയയ്ക്കപ്പെടുന്നു. കത്താധികത്താവും ഇരുലോകങ്ങൾക്കും അധികാരിയുമായുള്ളോവേ! ഈ താൽക്കാലിക ജീവിതമാകുന്ന പരദേശവാസത്തിൽ നിന്ന് വേർപെട്ട് യാത്രനായിരിക്കുന്ന ഈ തവ ദാസിയുടെ ശവസംസ്ക്കാരശുശ്രൂഷയുടെ ഈ സമയത്ത് തിരുസന്നിധിയിൽ ഞങ്ങൾ അപേക്ഷയും പ്രാത്ഥയും സ്മപ്പിക്കുന്നു. ഇവിടെ നിന്ന് യാതയായി സ്വഗ്ഗീയ

ഭൂവനങ്ങളിൽ വസിപ്പിക്കുന്നവരായ സമാധാനമാലാഖാമാർ മൂലം ഇവളുടെ ആത്മാവിനെ കൈക്കൊള്ളണമെ. കർത്താവേ! ദുഷ്ടാത്മക്കളുടെ പിടിയിൽ നിന്നും ഇവളുടെ ആത്മാവിനെ രക്ഷിച്ചു കൊള്ളണമെ. ആ എതിരാളിയുടെ ബന്ധനത്തിൽ നിന്ന് അതിനെ വിടത്തണമെ. തിരുനാമഭക്തരും തിരുവിഷ്ടം ആചരിക്കുന്ന വരുമായ ചുറ്റി നിൽക്കുന്നതുപോലെയുള്ള സേനകൾ ഇവൾക്കും ലഭിക്കുമാറാകണമെ. തവ മനുഷ്യപ്രീതിയാൽ ഇവളുടെ പാപങ്ങളെ പൂണ്ണമായി പരിഹരിക്കണമെ. ഇവളുടെ തെറ്റുകളെ തിരുദയയാൽ പൂണ്ണമായി ക്ഷമിക്കുകയം ചെയ്യണമെ. ഇവളുടെ യാത്രയ്ക്ക് തിരുസഹായം പരസ്യമായി അയച്ചുകൊടുക്കണമെ. കൃപാപൂണ്ണമായ വലംകൈ ഇവൾക്ക് നീട്ടിക്കൊടുത്ത് രണ്ടാം മരണമാകുന്ന ചുഴിയിൽ നിന്ന് ഇവളെ ഉദ്ധരിച്ചു കൊള്ളുണമെ. അദൃശ്യമായ തിരുശക്തിയാൽ ഇവളെ സഹായിക്കണമെ. പിശാചുക്കളുടെ ഭയങ്കരമായ ഒളിവിടങ്ങളിൽ നിന്ന് ഇവളെ രക്ഷിച്ചുകൊള്ളണമെ. ഇവളുടെ പ്രമാണലംഘനങ്ങൾക്ക് തക്കപോലെ ഇവളെ വിധിക്കരുതെ; തിരുസന്നിധിയിൽ സവ്വരും കുറ്റക്കാർ തന്നെയാണല്ലോ. കർത്താവേ! ഞങ്ങളുടെ സ്വഭാവികമായ ദുബലതയിൽ കനിവു തോന്നണമെ. ഞങ്ങളിൽ വിളിക്കപ്പെടിരിക്കുന്നതായ തിരുനാമത്തെയും തിരുമഹാകരുണയെയും ഞങ്ങളിലും ഇവളിലും ഓക്കണമെ. ഞങ്ങളുടെ വല്ലത്തിന്റെരക്ഷയ്ക്കുവേണ്ടിയുണ്ടായ തിരുഏകപുത്രന്റെ കഷ്ടാനുഭവങ്ങൾ കർത്താവിനോടപേക്ഷിക്കുമാറാകണമെ. തവ കൃപയുംകരുണയും ഇവളുടെ മേൽ ഉദിക്കും മാറാകണമെ. ഇവൾ വിശ്വസിച്ചതായ ജയമുള്ളസ്ലീബാ ഇവൾക്കു; വിശുദ്ധന്മാരുടെ സമൂഹത്തിൽ വസിപ്പിക്കുന്ന പ്രകാശസ്തംഭമായി ഭവിക്കുമാറാകണമെ. ഞങ്ങളുടെ വംശ ശത്രുവായ സാത്താൻ തന്റെ ദുഷ്ടമായ ആഗ്രഹം നിറവേറാതെ ലജ്ജിച്ചു പോകത്തക്കവണ്ണം തവ കരുണ ഇവളിൽ ഉണ്ടാകുമാറാകണമെ. കർത്താവേ! തിരുനാമഭക്തന്മാക്കുള്ള അനുഗ്രഹീത ഭവനങ്ങളിൽ എത്തുന്നതുവെരെ ഈതവ ദാസിക്ക്കോട്ടയും

അനുയായിയും കാവൽക്കാരനും സഹായിയും ആയിരിക്കണമെ. അവിടെ ആദ്യന്തമില്ലാത്തതായ തിരുമഹിമയിൽ ഇവൾ ആനന്ദിക്കുമാറാകണമെ. അബ്രഹാമിന്റെ മടിയിൽ വിശ്രമിച്ചുകൊണ്ട് എല്ലാ ദുഃഖങ്ങളും ക്ലേശങ്ങളും കഷ്ടതകളും വിസ്മരിക്കുവാൻ ഇവൾക്ക് സംഗതിയാകണമെ. കത്താവേ! തവ ആരാധകരായ ഞങ്ങളെയെല്ലാവരെയും ഇവയ്ക്കെല്ലാം യോഗ്യരാക്കിത്തീക്കണമെ. വെടിപ്പുള്ളതും ആനന്ദകരവും പാപരഹിതവുമായ ജീവിതത്തിൽ അന്ധകാരത്തിന്റെ ദുഷ്ടസേനകൾക്കിധേയമാകാത്ത സമാധാന പരമായ നിര്യാണം ഞങ്ങളും അനുഭവിക്കാൻ ഇടയാകണമെ. കത്താവേ! കരുണാദൃഷ്ടിയാൽ ഞങ്ങളെ കടാക്ഷിച്ച് വിലപിച്ചിരിക്കുന്നവരെആശ്വസിപ്പിക്കുകയും ദുഃഖിച്ചിരിക്കുന്നവരെ ധൈര്യപ്പെടുത്തുകയും മ്ലാനവദനരായിരിക്കുന്നവക്ക് മുഖപ്രസന്നത നൽകുകയും ചെയുണമെ. കത്താവിനെ സ്തുതിക്കുന്ന ഏവക്കും ഏതു സ്ഥാനത്തും അവനവന്റെ ആവശ്യാനുസരണം ശരണവും പ്രത്യാശയും ആയിരുന്നതുകൊണ്ട് അവരുടെ മുഖത്തു നിന്ന് കണ്ണുനീരും ദുഃഖവും നീക്കികളയണമെ. ദൈവമേ! കത്താവിന്റെ മ്ശിഹായിലുള്ള പ്രത്യാശയിൽ മുൻകൂട്ടി കത്താവിന്റെ അടുക്കലേക്ക് യാത്രപുറപ്പെട്ടവരും ശ്രേഷ്ഠവും മഹനീയവുമായ അവിടുത്തെ പ്രത്യക്ഷതയെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നവരുമായ ഞങ്ങളുടെ എല്ലാ മാതാപിതാക്കൾക്കും സഹോദരീസഹോദരമ്മാക്കും ഗുരുക്കന്മാക്കും ഞങ്ങളെല്ലാവരേയും വഹിച്ചിരിക്കുന്ന തവ കൃപയാൽ ഭാഗ്യകരമായ ഭവനങ്ങളിൽ വിശുദ്ധന്മാരോടുകൂടിയുള്ള ആശ്വാസം നൽകണമെ. ആ പ്രത്യക്ഷയെ ലജ്ജാരഹിതമായ പ്രസന്നമുഖങ്ങളോടുകൂടെ എതിരേൽക്കുവാൻ ഞങ്ങളും കാത്തിരിക്കുന്നു. കത്താവേ! മുൻകൂട്ടി നിദ്ര്ാപിച്ചവരും ഇവിടെ അവശേഷിക്കുന്നവരുമായി രക്ഷിതരും അവിടുത്തെ കത്തൃത്വത്തിന്റെ ദാസരുമായ ഞങ്ങളെല്ലാവരും ആദ്യന്തമില്ലാത്ത തിരുരാജ്യത്തിൽ വന്ദ്യവും ഗ്രഹണാതീതവുമായ തിരുനാമത്തെയും തവ

ഏകപുത്രനേയും തിരുപരിശുദ്ധ റൂഹായേയും സ്തുതിച്ചു പുകഴ്ത്തുവാൻ യോഗ്യരായിത്തീരണമെ. ഹോശോ.............

## മാനിസൊ

വേഗം വന്നെത്തീടേണം നാഥാ!
നിൻ ദയയെൻ മുമ്പിൽ
എൻ ജീവാന്ത്യമടുക്കുമ്പോൾ
എന്നാത്മാവിൻ കർമ്മങ്ങൾ
പ്രതിദാനം നേടീടുമ്പോൾ
തുണയാകില്ലെൻ നേട്ടങ്ങൾ
പൊന്നിനു വിലയില്ലവിടെങ്ങും
അങ്ങീശോയാം ദേവേശൻ
വിധിപീഠത്തിലിരിക്കുന്നു
ധനികനു പുണ്യമത്തില്ലെങ്കിൽ
ധനമാലംബം നൽകില്ല
ദീനനു ശുദ്ധതയില്ലെങ്കിൽ
ദീനതയും തുണയേകീടാ
സത്തമനേ നരവത്സലനേ!
അവിടെന്മേൽദയതോന്നണമെ-
ന്നർത്ഥിച്ചീടുന്നേൻ മേന്മേൽ

## കോലൊ (അംഭ്കലഹുൻ)

മ്ശീഹാ രാജാവേ! ശോ-കം
ക്ലേശം മൃ-തിയിവയേശാത്ത
ശാശ്വത ജീവസ്ഥാനത്തിൽ
പരിശുദ്ധന്മാരോടൊപ്പം
ദാസാത്മാൾക്കാശ്വാ-സം
മംഗളപൂർവ്വം നൽകേണം ബാറെക്മോർ-
ശുബഹോ......

നാം ദൈവാത്മജരായീ-ടാൻ

വാഴ്ചയിലു-പദേശിച്ചോരാം
ജനകന്മാരെയോർക്കേണം
ദൈവതനൂജൻ സ്വർഗ്ഗത്തിൽ
ആശ്വാസം പുണ്യാത്മാ-ക്കൾ-
ക്കൊപ്പമവർ-ക്കേകീടട്ടെ.

## മദറോശൊ (ഠ ഉമറൊ ദ്സബ്നൊ)

നാ-ഥാ! മൃതയാ-മീ
ദാസിക്ക-ശ്വാസം
പോവുക സഹജാ-തേ!
ഭൂവാസം-നിരസിച്ചോളേ!
ആ-രാജകുമാരൻ
പാർപ്പിക്കും മണിയറ ത-ന്നിൽ
നീ-വീ-ട്ടാരെയും
സുതരെയും വേർപെട്ടെങ്കിൽ
വാ-നവരുടെ നാ-ട്ടിൽ
നിന്നെയവൻ-നിവസിപ്പിക്കും

കൂ-ട്ടായ് നിൻ സ്ലീ-ബാ
ഭീകരമാം കടവതിലാർന്നു
പാ-ഴിരുളിൻ സേ -നാ
നിവഹത്തെ പായിക്കട്ടെ.
സ്ലീ-ബാ-ത്താക്കോലാൽ
പറുദീസിൻ വാതിലിലേറി-
ട്ടാ-നന്ദത്താ-ൽ ഞാൻ
നിൻകൃപയെ വാഴ്ത്തീടട്ടെ.

പൌ-ലോസ് ശ്ലീഹാ-ധന്യൻ ചൊൽ കേട്ടേ-നിതേ-വം
നിങ്ങളെ ഞങ്ങളറീച്ചതൊഴി-ച്ചിങ്ങൊരുവൻ
വന്നറിയിച്ചാൽ വാനവനെങ്കിലുമാദൂതൻ താനേൽക്കും

സഭയിൻ ശാപം പലതരമുപദേശങ്ങളഹോ
പാരിൽ മുളച്ചു പരക്കുന്നു ദൈവത്തിന്നുപദേശം
തൊം-ട്ടവസാനിപ്പിപ്പോൻ ധ-ന്യൻ

വായനക്കാർ: പൌലോസ്ശ്ലീഹാ തെസലോനിക്ക് എഴുതിയ ലേഖനത്തിൽ നിന്നും : ആഹായ്-ബാറെക്മോർ.

പ്രതിവാക്യം: ശ്ലീഹായുടെ ഉടയവനു സ്തൂതിയും-നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ.

## (തെസലോനി 4: 13-18)

സഹോദരന്മാരേ! പ്രത്യാശയില്ലാത്ത മറ്റാളുകളെപ്പോലെ നിദ്ര പ്രാപിക്കുന്നവരെക്കുറിച്ച് നിങ്ങൾ ദുഃഖിക്കരുതെന്ന് അറിഞ്ഞു കൊൾവാൻ ഞാനാഗ്രഹിക്കുന്നു.എന്തുകൊണ്ടെന്നാൽ യേശു മരിക്കയും പുനരുത്ഥാനം ചെയ്കയും ചെയ്തു എന്ന് നാം വിശ്വസിക്കുന്നു എങ്കിൽ അപ്രകാരം തന്നെ ദൈവം യേശുവിലൂൾപ്പെട്ടു മരിച്ചുപോയ വരേയും അവനോടുകൂടെ ഉയപ്പിക്കും. നമ്മുടെ കത്താവിന്റെ വരവിങ്കൽ ജിവനോടു ശേഷിക്കുന്നവരായ നമുക്ക് നിദ്രപ്രാപിച്ചവരെ പിൻതുടരേണ്ടി വരികയില്ലന്ന് കത്താവിന്റെ വചനം ആധാരമാക്കി ഞങ്ങൾ നിങ്ങളോടു പറയുന്നു. നമ്മുടെ കത്താവ് പ്രധാനമാലാഖായുടെ അകമ്പടി ശബ്ദം, ദൈവത്തിന്റെ കാഹളധ്വനി ഇവയോടുകൂടി സ്വശ്നത്തിൽ നിന്നിറങ്ങി വരും. അപ്പോൾ മ്ശിഹായിൽ ഉൾപ്പെട്ടവരായ മരിച്ചവർ ആദ്യമേ ഉത്ഥാനം ചെയ്യും. പിന്നെ
ജീവനോടെ ശേഷിക്കുന്നവരായ നാം- അവരോടു കൂടെ ഒരുമിച്ച്- അന്തരീക്ഷത്തിൽ കത്താവിനെ എതിരേല്പാനായിട്ട് മേഘങ്ങളിൽ എടുക്കപ്പെടും. അങ്ങിനെ എല്ലായ്യോഴും നാം നമ്മുടെ കത്താവിനോടൊരുമിച്ച് സ്ഥിതി ചെയ്യുകയും ചെയ്യും. ആകയാൽ ഈ വച
നങ്ങൾ മൂലം പരസ്പരം ആശ്വസിപ്പിച്ചുകൊൾവിൻ. ആഹായ്-ബാറെക്മോർ.

## പെത്ഗോമെ

ഹാലേലുയ്യു-ഉ-ഹാലേലുയ്യ പ്രീതിപ്പെട്ടിടണമേയടിയാനിൽ ഏറ്റും കൃപയാലിവളെ രക്ഷിക്ക-ഹാലേലുയ്യ.

ശെമ്മാശ്ശൂൻ/ശുശ്രൂഷക്കാരൻ: ബാറെക്മോർ. നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ചെവികൊടുത്ത് നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന നമ്മുടെ കർത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ, ദൈവത്തിന്റെ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

പുരോഹിതൻ: നിങ്ങൾക്കെല്ലാവക്കും സമാധാനം ഉണ്ടായിരിക്കട്ടെ.
പ്രതിവാക്യം: അവിടുത്തെ ആത്മാവിനോടുകൂടെ-ദൈവമായ കർത്താവു ഞങ്ങളേയും യോഗ്യരാക്കിത്തീക്കുമാറാ-കട്ടെ.

പുരോഹിതൻ: ജീവൻ നൽകുന്ന സുവിശേഷമായ നമ്മുടെ കർത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോൻ, ലോകത്തിനു ജീവനും രക്ഷയും ഘോഷിക്കുന്ന സുവിശേഷകനായ മത്തായി ഏവൻഗേലിസ്ഥായിൽ നിന്ന്.

പ്രതിവാക്യം: വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു-നമ്മുടെ രക്ഷയ്ക്കായ് തന്നെ അച്ചവനു സ്തൂതികളും-നാം എല്ലാവരുടെയും മേൽ തന്റെ അനുഗ്രഹങ്ങളും എന്നേ കടം ഉണ്ടാ യിരിക്കട്ടെ.

പുരോഹിതൻ: വിശുദ്ധകന്യകമറിയാമ്മിൽ നിന്നു ശരീരിയായിത്തീന്ന ദൈവവും, ജീവന്റെ വചനവും നമ്മുടെ രക്ഷകനുമായ കർത്താവേശുമ്ശിഹായുടെ വ്യാപാരകാലത്ത് ഇവഇപ്രകാരം സംഭവിച്ചു.

പ്രതിവാക്യം: അങ്ങനെ ഞങ്ങൾ വിശ്വസിച്ച് ഏറ്റു പറയുന്നു.

## ഏവൻഗേലിയോൻ  (മത്തായി 25: 1-13)

വീണ്ടും സ്വർഗ്ഗരാജ്യം മണവാളന്റെയും മണവാട്ടിയുടെയും എതിരേൽപിനായിട്ട് ദീപയഷ്ടികൾ എടുത്തുകൊണ്ടു പുറപ്പെട്ട പത്തു കന്യകമാക്ക് സദൃശ്യമായിരിക്കും. അവരിൽ അഞ്ചുപേർ ബുദ്ധിമതികളും അഞ്ചുപേർ ബുദ്ധിഹീനകളും ആയിരുന്നു. ബുദ്ധിഹീനകൾ എണ്ണയില്ലാതെ തങ്ങളുടെ ദീപയഷ്ടികളെ എടുത്തു. ആ ബുദ്ധിമതികളാകട്ടെ പാത്രങ്ങളിൽ എണ്ണസഹിതംദീപയഷ്ടികൾ എടുത്തു. മണവാളൻ താമസിച്ചതുകൊണ്ട് അവർ ഉറങ്ങി. അദ്ധരാത്രിക്കു ഇതാ മണവാളൻ വരുന്നു; അവന്റെ എതിരേല്പിനുപുറപ്പെടുവിൻ" എന്ന് ആർപ്പു വിളിയുണ്ടായി. അപ്പോൾ ആ കന്യകമാർഎല്ലാവരും എഴുന്നേറ്റ് തങ്ങളുടെ ദീപയഷ്ടികളെ തെളിയിച്ചു. ആ ബുദ്ധിഹീനകൾ ബുദ്ധിമതികളോട്, "ഇതാ ഞങ്ങളുടെ ദീപങ്ങൾ കെട്ടു പോയതുകൊണ്ട് നിങ്ങളുടെ എണ്ണയിൽ നിന്ന് കുറെ ഞങ്ങൾക്കും തരിക" എന്നുപറഞ്ഞു. ആ ബുദ്ധിമതികൾ മറുപടിയായിട്ട്, "ഞങ്ങൾക്കും നിങ്ങൾക്കും മതിയാകാതെ വന്നേക്കാം; നിങ്ങൾ കച്ചവടക്കാരുടെ അടുക്കൽപോയി വാങ്ങുവിൻ;" എന്നു പറഞ്ഞു. അവര് വാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു. ഒരുങ്ങിയിരുന്നവർ അവനോടുകൂടി വിരുന്നുശാലയിൽ പ്രവേശിച്ചു; വാതിൽ അടയ്ക്കപ്പെടുകയും ചെയ്തു. ഒടുക്കം ആ മറ്റേ കന്യകമാരും വന്ന് "പ്രഭോ! പ്രഭോ! ഞങ്ങൾക്കും വാതിൽ തുറന്നു തരേണമെ" എന്നു പറഞ്ഞു. അവൻ ഉത്തരമായിട്ട് അവരോട്, "നിങ്ങളെ ഞാൻ അറിയുന്നില്ല, എന്ന് സത്യമായിട്ട് ഞാൻ നിങ്ങളോട് പറയുന്നു" എന്നു പറഞ്ഞു. ആയതുകൊണ്ട് ആ ദിവസത്തെയും ആ സമയത്തെയും നിങ്ങൾക്കറിഞ്ഞുകൂടാത്തതിനാൽ ജാഗ്രതയായിരിപ്പിൻ.

## ലുത്തിനിയ

നാമെല്ലാവരും ദുദഖത്തോടും സങ്കടത്തോടും കൂടെ യോഗ്യമായി നിന്നുകൊണ്ട് ദൈവത്തിനു പ്രീതികരമായ

ശബ്ദത്തിൽ കുറിയേലായിസ്സോൻ എന്ന് ഏറ്റു ചെല്ലണം. കുറിയേലായിസ്സോൻ

മരണമുള്ളതായ ഞങ്ങളുടെ വഗ്ഗത്തിന്റെ യഥാത്ഥ ജീവനാകുന്ന മ്ശിഹാതമ്പുരാനേ! ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേലായിസ്സോൻ

സത്യവിശ്വാസത്തോടുകൂടി നിദ്രപ്രാപിച്ചവരും തവ കരുണയ്ക്കായി വാഞ്ചിച്ചുകൊണ്ടിരിക്കുന്നവരുമായ എല്ലാവക്കും വേണ്ടി തിരു കരുണയും പാപമോചനവും അവക്കു നൽകപ്പെടുവാനുമായി ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേലായിസ്സോൻ

നാം മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്ന് ഏറ്റു ചൊല്ലണം.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ

## മദറോശൊ (ന്ഹദ്സിവു നുഹോമൊ)

കൃപനിറയും മ്ശിഹാ!-മൃതയാം നിൻ ദാസി-
യ്ക്കു4 ഷ്നം നൽകി-നവൃതയും സ്വർഗ്ഗേ
മോദവുമേ-കേ-ണം
കണ്ണുകളിൽ കണ്ണീർ-ശ്രുതികളിലാരവം
അയ്യംവിളി വായിൽ-വ്യഥയകമേ നാഥാ!
നൽകണമാ-ശ്വാ-സം
വീടതിലിളവില്ലാ-തോടി നടന്നോളെ
കബറതിലേയ്ക്കേന്തു-ന്നപരന്മാർ നാഥാ!-
നൽകണമാ-ശ്വാ-സം
കനിതിന്നപരാധം-ഹാവാ ചെയ്തപ്പോൾ
മാനവവംശത്തിൽ-മൃതിപൂകി നാഥാ!
നൽകണമാ-ശ്വാ-സം
ഉയിരുള്ളോരൊപ്പം-മന്ദിരത്തിൽ വാണോൾ

മൃതരൊടു കബറാന്നാൾ-പുനരുത്ഥാനമിവൾ-
ക്കഴകേകീ-ടട്ടെ.

## കോലൊ (സാലാവാലായ്)

പ്രാത്ഥിപ്പിൻ പ്രിയരെയെൻ-പേർ-
ക്കെല്ലായ്പ്പോഴും മെന്നെയോപ്പിൻ
ഞാൻ മൃതിയാൽ വേർപെട്ടേനെൻ
പാപത്തെയോത്തഞ്ചുന്നേൻ
ഈ പ്രാത്ഥനയാൽ ഞാൻ-നേ-ടും
പിൻകൂരിരുളിൽ സംര-ക്ഷ ബാറെക്മോർ -
ശുബഹോ.....

പുണ്യം ചെയ്യോളാം ദാ-സീ!
ശ്ലോമൊ നൽകാൻ വന്നീടു-
ന്നീറെന്മാർ, പറുദീസായിൽ
നിമ്മലമാം നിന്നാത്മത്തെ
പൂകിയ്ക്കും സന്തോഷി-ക്കും
ധാമ്മികരൊ-പ്പം നീ വാ-നിൽ

## (മൃതദേഹം വഹിച്ചുകൊണ്ടു പോകുമ്പോൾ) കോലൊ (സൊഹദെ ആപ്പീസുനോയ്)

ദേവേശാ/യെൻ മാർ -ഗ്ഗത്തിൽ
കൂട്ടായ് നിന്നാസ്സ്ലീ-ബായാൽ
എൻ ജീ-വൻ കാത്തീ-ടേണം
കത്താവേ! ന്യായത്തീപ്പിൽ
സ്ക്കീപ്പാമേൽ മോഷ്ടാവേപ്പോ-
ലമ്പാ-ലെന്നെ വാ-ഴ്ത്തേ-ണം ബാറെക്മോർ-
ശുബഹോ.....

റാഹേൽ മരണമട-ഞ്ഞപ്പോൾ
യാക്കോബവളെ സം-സ്ക്കാരം
ചെയ്തു-ധികം ഖേദം-പൂണ്ടാൻ

ഈ മൃതയ്യെപ്രതി കേ-ഴേണ്ടാ
ജീവൻ നൽകുമവൾ-ക്കുള്ളിൽ
സ്ഥിതമാം-തിരുമെയ് ര-ക്തങ്ങൾ.

## (പുരോഹിതൻ മൃതദേഹത്തിൽ തൈലം ഒഴിക്കു ന്നു) പ്രാത്ഥന

തന്റെ ദൈവിക കല്പനയാലും കതൃഹിതപ്രകാരവും ഈ സഹോദരിയെ ഈ താൽക്കാലിക ജീവതത്തിൽ നിന്ന് യാത്രയാക്കിയ ദൈവമായ കത്താവേ! തിരുസന്നിധിയിൽ നിന്ന് സ്വഗ്ഗീയസേനകളുടെ സഹായം ഇവൾക്ക് അയച്ചു കൊടക്കണമെ. ഇവളുടെ മൃതശരീരത്തിൽ വീഴ്ത്തപ്പെടുന്ന ഈ തൈലം മുഖാന്തിരം ആയാറിൽ പതിയിരുന്ന് മനുഷ്യാത്മാക്കളുമായ് പോരാട്ടം നടത്തുന്നപ്രതികൂലസൈന്യങ്ങളിൽ നിന്നും ശ്ര്ുവിന്റെ പാളയങ്ങളിൽ നിന്നും ഇവൾ രക്ഷപെടുമാറാകണമെ. പ്രകാശഭവനങ്ങളിൽ വിശുദ്ധന്മാരോ ടുകൂടിയുള്ള ആനന്ദത്തിലേക്ക് ഇവളെ ആനയിക്കുകയും ചെയ്യുണമെ. ഇവൾ സന്തോഷത്തോടും ആനന്ദത്തോടും കൂടി കത്താവിനും കത്താവിന്റെ പിതാവിനും പരിശുദ്ധറൂ ഹായ്ക്കും സ്തുതി പാടുകയും ചെയ്യുമാറാകണമെ.

(മുഖത്തും നെഞ്ചത്തും കാൽമുട്ടുകളിലും കുരിശാകൃതിയിൽ തൈലം വീഴ്ത്തിക്കൊണ്ട്)
പ്രയതങ്ങളിൽ നിന്നുള്ള വിശ്രമത്തിനും യുദ്ധങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും വിശുദ്ധന്മാരോടുകൂടിയുള്ള ആനന്ദത്തിനു മായി പിതാവിന്റെയും 3- പുത്രന്റെയും 4 പരിശുദ്ധറൂഹായുടെയും നാമത്തിൽ നിത്യജീവനുവേണ്ടി ഈ തൈലം ഒഴിക്കപ്പെ ടുന്നു.

(പട്ടക്കാരൻ മണ്ണെടുത്ത് കുരിശാകൃതിയിൽ മൃതശരീരത്തിൽ ഇടുന്നു)
നീ മണ്ണാകുന്നു, മണ്ണിലേക്ക് തന്നെ തിരികെ ചേരും, വീണ്ടും നവീകരിക്കപ്പെടുകയും ചെയ്യും എന്നരുളിച്ചെയ്തര്പകാരം

കത്താവേ! ഇതാ തിരുവിഷ്ടം ഈ ദാസിയിൽ നിറവേറിയിരിക്കുന്നു.

(മൃതശരീരം കല്ലറയിലിറഥമന്നു) (ബർത്തോബൊ)

ദൈവമേ! തിരു കൃപയിൽ പ്രകാരം... ഹാലേലുയ്യ

സ്നേഹമൊടെത്തിയ സൽപുത്രാ-
മൃതിയേറ്റോനേ!
ഞങ്ങളെ രണ്ടാം മൃതിയീന്നുംകനിവാൽ
കാക്കു.

എന്റെ അന്യായത്തിൽ നിന്ന് . ഹാലേലുയ്യ

ക്രിയകൾക്കൊപ്പം സകലക്കും-
ഫലമേകുമ്പോൾ
നീതിനിമിത്തം വിധിഗേഹം-ബഹുഭീതികരം.

കത്താവിനു വിരോധമായിത്തന്നെം....... ഹാലേലുയ്യ

നിന്നുടെ നീതിയെയെൻദോഷം-
ലംഘിച്ചെങ്കിൽ
ഞാൻ നരകത്തീന്നൊഴിയും നിൻ-
വരസമ്പത്താൽ.

എന്നാൽ നീതിയിൽ കത്താവ് ഇഷ്ടപ്പെട്ടും....... ഹാലേലുയ്യ

അനുതാപത്തിന്നങ്ങിടമി-ല്ലെന്നേവം ഞാൻ
കേൾപ്പതിനാലെൻ സോദരരേ!
വേദിക്കുന്നേൻ.

കത്താവിന്റെ ആനന്ദവും സന്തോഷവും ം....... ഹാലേലുയ്യ

മൃതിയാൽ മൃതരെ മൃതരീന്നും മായിച്ചോനേ!
ഈശോ നൃപതേ! നിൻകൃപയെ-വാഴ്ത്തും
ഞങ്ങൾ.

ദൈവമേ വെടിപ്പുള്ള ഹൃദയത്തെം....... ഹാലേലുയ്യ

ജീവനുയിപ്പിൽ സകലക്കും-നൽകാൻ മൃതനായ്
ജീവിച്ചോനേ! നകലേശാ-ത്മജനേ സ്തോത്രം.

എന്നാലോ തിരു ആനന്ദവും .......ഹാലേലുയ്യ
വലിയ വെളിച്ചമുദിച്ചല്ലൊ-മൃതലോകത്തിൽ
അസ്ഥികളിന്മേലാശിസ്സാം-പനിനീർ തൂകി

എന്റെ രക്ഷയുടെ ദൈവമായ... ഹാലേലുയ്യ
മൃതലോകത്തിൽ സ്ലീബായെൻ-കൂട്ടാകട്ടെ
വെല്ലുമുയിപ്പിൽ ദുഷ്ടനെ ഞാൻ-മരണത്തേയും.

എന്തെന്നാൽ ബലികളിൽ....... ഹാലേലുയ്യ
മരണത്തിൻ കാറ്റടിയേറ്റെൻ-ജീവൻ മാഞ്ഞു
നിൻ സത്യാത്മാവെത്തിയെനി-ക്കുണർവേകട്ടെ

തിരു ഇഷ്ടത്താൽ സെഹിയോനോടു....... ഹാലേലുയ്യ
കബറീന്നുയിരൊടു പറുദീസിൽ-നിന്നെയേറ്റും
താതാത്മജ വിമലാത്മാവി-ന്നെന്നും സ്തോത്രം.

## കോലൊ (റൊസ്ലി റൊസ്ലി)

കത്താവിന്റെ ഭവനത്തിലേക്കു നാം പോകുന്നു എന്ന് അവർ എന്നോട് പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു.

നിങ്ങളിൽനിന്നെൻ-പ്രിയരേ! പിരിയുന്നേൻ
സ്വീകരണം ഞാൻ നേടാനത്ഥിപ്പിൻ

ഈശ്ലേമേ എന്റെ കാലുകൾ നിന്റെ വാതിലുകളിൽ നിൽക്കുന്നു.

നീ മൃതരായോർ-ക്കുയിരേകുമ്പോഴെൻ
മിഴിവെളിവാക്ക-വിസ്മയമീക്ഷിപ്പാൻ.

കോട്ടയാൽ ചുറ്റപ്പെട്ടിരിക്കുന്ന പട്ടണംപോലെ ഉശ്ശം പണിയപ്പെട്ടിരിക്കുന്നു.

ശ്ലോമൊ നൽകി-ശ്ലോമോയൊടു പോവിൻ
ഇനിയെന്നേയ്ക്കും-ശ്ലോമോയിതു തന്നെ.

അവിടേയ്ക്കു ഗോത്രങ്ങൾ, കത്താവിന്റെ ഗോത്രങ്ങൾ തന്നെ, ഇസ്രായേലിന്റെ സാക്ഷ്യത്തിനായി കത്താവിന്റെ നാമത്തെ സ്തോ ത്രം ചെയ്വാൻ കയറിച്ചെല്ലുന്നു

മൃതിയെ! കഷ്ടം-സാത്താനേ! കഷ്ടം!
നിങ്ങടെ ഭരണം-മ്ശിഹാ മായിക്കും.

അവിടെ ന്യായാസനങ്ങൾ, ദാവിദുഗൃഹത്തിലെ ന്യായാസനങ്ങൾ തന്നെ, സ്ഥിതി ചെയുന്നു.

മൃതജീവദനേ!-ഈശോ രാജാവേ!
മൃതി തൃക്കൈയിൽ-ജീവൻ തിരുവിഷ്ടം

എ ജ്ഞ മിന്റെ കുശലം അന്വേഷിപ്പിൻ, നിന്റെ സ്നേഹിതന്മാർ ധൈര്യമായിരിക്കട്ടെ. നിന്റെ കൊത്തളങ്ങളിൽ സമാധാനവും നിന്റെ കൊട്ടാരങ്ങളിൽ സംതൃപ്തിയും ഉണ്ടാകട്ടെ.

സ്തോത്രം മൃ ത രെ – ജീവിപ്പോനേ!
മൃതി തൃക്കൈയിൽ-ജീവൻ തിരുവിഷ്ടം

എന്റെ സഹോദരന്മാരും സ്നേഹിതന്മാരും നിമിത്തം നിന്നിൽ സമാധാനം ഉണ്ടാകട്ടെ എന്നു ഞാൻ പറയും: നമ്മുടെ ദൈവമായ കത്താവിന്റെ ആലയം നിമിത്തം ഞാൻ നിന്റെ നന്മ അന്വേഷിക്കും.

സഭയും സുതരും-പിതൃസുത റൂഹായെ
സ്തൂതിഗീതത്തോ-ടൊത്തു വണങ്ങീടും.

## മദറോശോ

ഇരുലോകത്തും-മേവുന്നേൻ ഞാൻ
കൃപ തോന്നണമേ-എന്മേലെങ്ങും.

നീ കണ്ടെന്നെ-ഞാനില്ലായ്കകെ
കൃപ തോന്നണമെ-ഞാനുള്ളപ്പോൾ.

എന്നെ മനഞ്ഞു-പുർണ്ണസ്നേഹാൽ
നീയുയിരേകിൽ-പാഴാകാ ഞാൻ.

സ്വസ്നേഹിതരാം സഹദേന്മാരെ
മുടിചൂടിച്ച-നീതിപ്രിയനേ!

ഈ ദാസിയെ നീ-കന്നികളെപ്പോൽ
ചൂഡാഭരണം-ചൂടിക്കേണം.

എന്നെന്നേക്കും സ്തുതി താതന്നും
നതിനന്ദനനും-റൂഹ്ക്കുദ്ശായ്ക്കും.

## മാർ അപ്രേമിന്റെ ബോവൂസൊ

ആദ്രതയാൽ നാഥാ!ദേവാ!
ദാസിക്കേകണമെ പുണ്യം
നിൻമഹിമോദയ നാൾ തന്നിൽ
നിത്തണമെ വലമായിവളെ

നേടത്തെ നേട്ടക്കാക്കും
വീടിനെ വാഴ്വോക്കും വിട്ടേൻ
ദേവേശായെൻ മാർഗ്ഗത്തിൽ
നീ കൂട്ടായ് നിന്നീടേണം.

ഓക്കെന്നെ മ്ശിഹാമന്നാ!
നീ ഘോഷം വന്നിടുമ്പോൾ
ഈയാത്മാവിന്നാശ്വാസം
ധമ്മിഷ്ടർക്കൊപ്പം നൽക.

ആദ്രതയാൽ നാഥാ!ദേവാ!
ദാസിക്കേകണമെ പുണ്യം
നിൻമഹിമോദയ നാൾ തന്നിൽ
നിത്തണമെ വലമായിവളെ

## മാലാഖമാരുടെ സ്തുതി

അത്യുന്നതങ്ങളിൽ മാലാഖമാരും പ്രാധാന മാലാഖമാരും സ്തുതിക്കുന്നതുപോലെ ബലഹീനരും പാപികളുമായ ഞങ്ങളും നിന്നെ സ്തുതിക്കുന്നു.

എല്ലാക്കാലവും എല്ലാസമയത്തും ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യ മക്കൾക്കു നല്ല ശരണവും ഉണ്ടായിരിക്കട്ടെ.

ഞങ്ങൾ തന്നെ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുക യുംചെയ്യുന്നു. സ്ലൂതിയുടെ ശബ്ദംതനിക്കു ഞങ്ങൾ സമപ്പിക്കുന്നു.

സവ്്യശക്തിയുള്ള പിതാവും സവാധിപതിയും സ്രഷ്ടാവുമായിരിക്കുന്ന ദൈവമായ കത്താവേ! തന്നേയും യേശുമ്ശിഹാആയ ഏകപുത്രനായ ദൈവമായ കത്താവേ! വിശുദ്ധ റൂഹായോടു കൂടെ തന്നേയും തന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിന്റെ പുത്രനും വചനവും ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായ ദൈവത്തിന്റെ കുഞ്ഞാടേ! ഞങ്ങളോടു കരുണചെയ്യുണമേ.

പിതാവിന്റെ വലത്തുഭാഗത്തു മഹത്വത്തോടുകൂടിയിരിക്കുന്നവനേ! ദയവുണ്ടായി ഞങ്ങളോടു കരുണചെയ്യുണമേ.

എന്തെന്നാൽ താൻമാത്രംപരിശുദ്ധനാകുന്നു. പിതാവായ ദൈവത്തിന്റെ മഹത്വത്തിൻ് വിശുദ്ധ റൂഹായോടുകൂടെ യേശു മ്ശിഹാ ആയ താൻ മാത്രം കർത്താവാകുന്നു. അമ്മീൻ.

എല്ലാക്കാലവും ഞങ്ങൾ ജീവനോടിരിക്കുന്ന നാളൊക്കെയും തന്നെ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതുംനിത്്യതയുള്ളതുമായ തന്റെ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കയും ചെയ്യും ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്്യശക്തിയുള്ള കർത്താവേ! വാഴ്ത്തപ്പെട്ടവനാക്കുന്നു. തിരുനാമം മഹത്വമുള്ളതും എന്നെന്നേക്കും മഹത്വങ്ങളിൽ പ്രാബല്യമുള്ളവനുമാകുന്നു.

സ്കൂതി തനിക്കു യോഗ്യമാകുന്നു. മഹത്വം തനിക്കു യുക്തമാകുന്നു. സകലത്തിന്റേയും ദൈവവും സത്്യയത്തിന്റെപിതാവുമായവനേ! തനിക്കും ഏകപുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും പുകഴ്ച ചേച്ചയാകുന്നു. അത് ഇപ്പഴും എല്ലായിപ്പോഴും എന്നേക്കും തന്നെ. ആമ്മീൻ.

## (മോറാൻ യേശുമ്ശിഹാ)

ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ! തവ കരുണയുടെ വാതിൽ ഞങ്ങളുടെ നേരേ അടയ്ക്കുരുതെ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമെ. കർത്താവേ! തവ മരണത്താൽ ഞങ്ങളുടെ മരണം മായിക്കപ്പെടുവാനായിട്ട്

തിരുസ്നേഹം തവ സ്ഥാനത്തു നിന്ന് ഞങ്ങളുടെ അടുക്കലേക്ക് തന്നെ ഇറക്കിക്കൊണ്ടു വന്നു. ഞങ്ങളോടു കരുണയുണ്ടാകണമെ.

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.
പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു. മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാതമ്പുരാനേ ഞങ്ങളോടു കരുണ ചെയ്യണമെ. (മൂന്നു പ്രാവശ്യം ചൊല്ലണം)

പുരോഹിതൻ: ഞങ്ങളുടെ കത്താവേ! ഞങ്ങളോട് കരുണ ചെയ്യുണമെ.
പ്രതിവാക്യം: ഞങ്ങളുടെ കത്താവേ! കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യുണമെ. ഞങ്ങളുടെ കത്താവേ! ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യുണമെ.

പുരോഹിതൻ:ദൈവമേ സ്തുതി
പ്രതിവാക്യം: സൃഷ്ടാവേ സ്തുതി പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തൂതി, ബാറെക്മോർ.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ-തിരു രാജ്യം വരണമെ-തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ-ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കു തരണമെ ഞങ്ങളുടെ കടക്കാരോട ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ-പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ-പിന്നെയോ തിന്മപ്പെട്ടവനിൽ നിന്നുഞങ്ങളെ രക്ഷിച്ചുകൊള്ളണമെ-എന്തുകൊണ്ടെന്നാൽരാജ്യവും ശക്തിയും മഹത്വവും എന്നേക്കും തനിക്കുള്ളതാകുന്നു ആമ്മീൻ.

പുരോഹിതൻ: കൃപനിറഞ്ഞ മറിയമേ നിനക്കു സമാധാനം,
പ്രതിവാക്യം: നമ്മുടെ കത്താവു നിന്നോടുകൂടെ നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ. നിന്റെ വയറ്റിലെ ഫലമായ നമ്മുടെ കത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ശുദ്ധമുള്ള കന്യകമത്തമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും ദൈവംതമ്പുരാനോടു അപേക്ഷിച്ചു കൊള്ളണമെ. ആമ്മീൻ.

പുരോഹിതൻ: സവ്വ ശക്തിയുള്ള പിതാവും സ്വഗ്ൃത്തിന്റേയും ഭൂമിയുടേയും
പ്രതിവാക്യം: കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയും സൃഷ്ടാവായ സത്യമുള്ള ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും സവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനുംസൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ സകലവും നിമ്മിക്കപ്പെട്ടവനും മനുഷ്യരായ നമ്മൾക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി സ്വഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യമറിയാമ്മിൽ നിന്നും ശരീരയായിത്തിന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ നമുക്കു വേണ്ടികുരിശിൽ) തറയ്ക്കുപ്പെട്ടു കഷ്ടം അനുഭവിച്ചു മരിച്ചു അടക്കപ്പെട്ടു തിരു മനസ്സായ പ്രകാരം മൂന്നാം
ദിവസം ഉയർത്തെഴുന്നേറ്റ സ്വഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിനുഅവസാനമില്ലാത്തവനും ആയ
യേശുമ്ശിഹാ ആയ ഏക ദൈവത്തിലും ഞങ്ങൾ വിശ്വസി ക്കുന്നു

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരുംമുഖാന്തിരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും അപ്പോസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസ ഒന്നു മാത്രമേയുള്ള എന്നു ഞങ്ങൾ ഏറ്റു പറഞ്ഞു, മരിച്ചു പോയവരുടെ ഉയപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾനോക്കിപ്പാക്കു.ആമ്മീൻ

ബാറെക്മമോർ, സ്കൌമെൻ കാലോസ് കുറിയേലായിസ്സോൻ

മക്കളിലപ്പൻ കൃപചെയ്വതുപോലെ-ഹാലേലുയയ
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും

പുല്ലിനു തുല്യം നരനുടെ നാളുകളഹോ-ഹാലേലുയ്യ
പൂക്കുന്നിതു വയലിൽ പൂ-ച്ചെടിപോലെ
ബാറെക്മോർ ശുബഹോ.... മെനരഓാലം....

ശരണത്താലെ നിൻകൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണത്തണമെ
കബറിന്നുദ്യാനത്തിനായ്
സ്തൌമെൻ......കുറിയേലായിസ്സോൻ

നാഥാ! താവകമിരുലോ-കം
നിന്നധികാരം താനെ-

സ്ളീബായാൽ ജീവിതരെ-ക്കാ

ത്തൻപാൽ മുക്തി മൃതക്കേ-ക ബാറെക്മോർ ശുബഹോ....

സ്തോത്രം! മൃതജീവപ്ര-ദനെ!
കബറീന്നേറ്റീടുന്നോ-നേ!
നിൻപ്രേഷകതാതനുമ-മലൻ
റൂഹായ്ക്കും ഹാലേലുയു മൊറിയോ......

തൻമ രണത്താൽ- മരണത്തേ ജീവിപ്പിച്ചവനാം- ദൈവസുതാ! സ്തൂതി ദൈവത്തിന്നെ-ന്നാക്കാൻ അടിയാരേ പുഴീന്നേറ്റണമേ.

ഉയിരേകുന്നോൻ രാജാ-
വുയരത്തിൽനിന്നെഴുന്നെള്ളി
ജീവൻമൃതരാ-മേവക്കും നൽകുന്നു
കബറുകളിൽനിന്നി-
ങ്ങ്അവരവരുയിരോടെഴുന്നേറ്റു
ഉയിരേകും നി-ന്നേ സ്തൂതിചെയ്തീടുന്നു. ബാറെക്മോർ.

എന്റെ ശരീരം ഭക്ഷിച്ചെൻരക്തം പാനം ചെയ്യോൻ
പാതാളത്തിൽ-പോകാനായ് വിടാഞ്ഞാൻ
എന്നുമവൻ .ജീവിപ്പാനങ്ങത്തീട്ടു മരിച്ചതു ഞാൻ
എന്നും കത്താ-തന്നരുളിന്നു മഹത്വം.
മൊറിയോറാഹേം.......

രക്ഷകനേ നിൻഗാത്രത്തേഭക്ഷിച്ചും നിൻ
വിലയേറും രക്തക്കാസാ പാനം ചെയ്തും

മൃതരായോരേ നാശംനീക്കിഇജ്ജീവിപ്പിച്ചു്
അണിയേണം നിന്നേനോക്കുന്നവരിൽ കാന്തി. ബാറെക്മോർ ശുബഹോ......

മൃതരേജീവിപ്പിപ്പാനെഴുന്നെള്ളും രാജാ
മുകിലഴകിൻമേലാഘോഷിതനായീടുന്നു

നയവാന്മാർ തൻ മുൻകൊമ്പിൻനാദം കേട്ടിട്ട്
അങ്കിയണിഞ്ഞെതിരേല്ലാനായ് പോയീടുന്നു.

മൊറിയോറാഹേം......

## ഹൂത്തോമ്മൊ

ഞങ്ങളുടെ കത്താവും നിത്യ ദൈവവുമേ! തനിക്കു സ്തുതി, തനിക്കു സ്തുതി, തനിക്കു സ്തുതി. കത്താവേ! തിരു കൃപയാലും മഹാ കരുണയാലും ഞങ്ങളുടെ പ്രാത്ഥന കേൾക്കണമെ. ഞങ്ങളുടെ ശുശ്രൂഷകളെ അംഗീകരിക്കണമെ. ഞങ്ങളുടെ സഹായത്തിനു വന്ന് ഞങ്ങളുടെ മരിച്ചവക്ക് പാപപരിഹാരം നൽകണമെ. സത്യവിശ്വാസത്തോടെ കത്താവിലുള്ള ശരണത്തിൽ നിദ്ര പ്രാപിച്ചിരിക്കുഃന്ന ഈ ദാസിക്കു പാപപരിഹാരം നൽകുകയും ചെയ്യണമെ. ഇന്നേദിവസം സത്യവിശ്വാസത്തോടും ദൈവികമായ യോഗ്്യതയോടും കൂടി ക്രിസ്ത്യാനിക്കുചിതമായ നിലയിൽനിദ്രപ്രാപിച്ചിരിക്കുന്ന ഈ മ്ശിഹായുടെ ഭൃത്യയെ ദൈവം തന്റെ നിമ്മലമായത്്യക്കൈകളിൽ അംഗീകരിക്കുവാൻ വേണ്ടി നമുക്കെല്ലാവക്കും കൂടി അവിടുത്തെ കരുണയോടെ പ്രാത്ഥിക്കാം. കത്താവ് സന്തോഷപൂണ്ണമായ ഉന്നതസ്ഥാനം ഇവൾക്ക് നൽകട്ടെ. സ്വഗ്ഗരാജ്യത്തിലെ മണവറയും തോട്ടവും മേശയും കത്താവ് ഇവൾക്ക് നൽകുമാറാകട്ടെ. കണ്ണുകളാൽ കാണപ്പെടുകയോ ചെവികളാൽ കേൾക്കപ്പെടുകയോ മനുഷ്യഹൃദയത്താൽ ഗ്രഹിക്കപ്പെടുകയോ ചെയ്തിട്ടില്ലാത്തതും ദൈവം തന്നെ സ്നേഹിക്കുന്നവക്കായി ഒരുക്കിയിരിക്കുന്നതുമായ വാഗ്ദാനം കത്താവ് ഇവളിൽ നിവത്തിയാകട്ടെ. കത്താവ് ഇവളുടെ പാപങ്ങൾ പരിഹരിക്കുകയും തെറ്റുകൾ ക്ഷമിക്കുകയും ചെയ്യൂട്ടെ. ക്ലേശപൂണ്ണുമായ ഇഹലോകത്തിൽ വച്ച് ഇവൾ ചെയ്തുപോയിട്ടുള്ള പാപങ്ങളും തെറ്റുകളും ദൈവം മായിച്ചുകളയുകയും തന്റെ മഹാകരുണയാൽ അവയെ ഓാക്കാതിരിക്കയും ചെയ്യട്ടെ.

നീതിമാന്മാരിൽ കരുണ ചെയ്യുന്നതായസമയത്ത് ഇവളിലും കരുണചെയ്യുമാറാകട്ടെ. കൃപാലുവായ തന്നെ കോപിപ്പിച്ചു ദുഷ്ടന്മാരോടു ദൈവം പ്രതികാരം ചെയ്യുന്ന സമയത്ത്-കരുണ ആവശ്യമായ് വരുന്ന ആ ദിവസത്തിൽ-ദൈവം ഇവളിൽ കരുണ ചെയ്യട്ടെ. ദൈവം തന്റെ വിശുദ്ധന്മാരുടെയും തെരഞ്ഞെടുക്കപ്പെടുന്നവരുടെയും കൂട്ടത്തിൽ ഇവളെ ആനന്ദിപ്പിക്കട്ടെ. ആ ദരിദ്രനായ ലാസറിനോടു കൂടെ ഇവളെയും ദൈവം ആനന്ദിപ്പിക്കട്ടെ. കാരുണ്യമാകുന്ന നല്ല എണ്ണകൊണ്ട് തങ്ങളുടെ ദീപയഷ്ടികൾ കെട്ടുപോകാതെ സൂക്ഷിച്ച ബുദ്ധിമതികളായ ആ അഞ്ചു കന്യകമാരോടൊലപ്പം ദൈവം ഇവളെയും ആനന്ദിപ്പിക്കുമാറാകട്ടെ. തങ്ങളു
ടെ അടുക്കൽ നിന്നുള്ള ഇവളുടെ വേർപാടിൽ വിലപിച്ചും ദുഃഖിച്ചും ഇവിടെ അവശേഷിച്ചിരിക്കുന്നവരെ മ്ശിഹാതമ്പുരാൻകരുണയോടെ ആശ്വസിപ്പിച്ച് ധൈര്യപ്പെടുത്തട്ടെ. കത്താവ് അവരുടെ മുഖത്തു നിന്ന് കണ്ണുനീരും ഹൃദയത്തിൽ നിന്ന് നീറുന്ന വേദനയും നീക്കികളഞ്ഞ് അവരിൽ സത്യമുദ്രപതിക്കുമാറാകട്ടെ. ലാസറിന്റെ സഹോദരികളെ തങ്ങളുടെ സഹോദരന്റെ ഉയപ്പു മൂലം സന്തോഷിപ്പിച്ചവനായ ദൈവം ഇവളുടെ വേർപാടിൽ ദുഃ ഖിച്ചിരിക്കുന്ന എല്ലാവരെയുംആശ്വസിപ്പിച്ച് സന്തോഷിപ്പിക്കട്ടെ.

വത്സലസഹോദരങ്ങളെ! പരസ്പരം ആശ്വസിപ്പിക്കുവിൻ,അന്യോന്യം ധൈര്യപ്പെടുത്തുവിൻ, മരിച്ചവരുടെ സംസ്ക്കാരത്തിൽ നീതീകരണം പ്രാപിക്കുവിൻ. മൃതയിൽ നിന്ന് കരുണ പിൻവലിക്കരുത്. വിരുന്നുഭവനത്തിൽ പോകുന്നതിനേക്കാൾ ഉത്തമം വിലാപഭവനത്തിൽ പോകുന്നതാണ്, എന്നുള്ള കല്പനയനുസരിച്ച് വിശുദ്ധസഭയുടെ പ്രജകൾ എന്ന നിലയിൽ ഇപ്പോൾ നിങ്ങൾ വന്ന് ആ ദൈവികമായ തിരുവെഴുത്ത് നിവഹിച്ചിരിക്കുന്നു. ദൈവം നിങ്ങളുടെ സഹായത്തിന് വന്ന് നിങ്ങൾക്ക് സമാധാനവും ശാന്തിയും നൽകട്ടെ. കത്താവ് തന്റെ മഹാകരുണയാൽ നിങ്ങളുടെ കടങ്ങൾ പരിഹരിക്കുകയും തെറ്റുകൾ ക്ഷമിക്കുകയും

ചെയ്യട്ടെ. ഉത്തമഹൃദയത്തോടും വെടിപ്പോടും വിശുദ്ധിയോടും കൂടി നിങ്ങൾ വിളിക്കുന്ന ഏതു സമയത്തും കത്താവായ യേശുമ്ശിഹാ നിങ്ങൾക്കുത്തരമരുളും ഐശ്വര്യപൂണ്ണുമായ തന്റെ ശ്രീഭണ്ഡാരത്തിൽ നിന്ന് കത്താവ് നിങ്ങളുടെ യാചനകൾക്ക് മറുപടി അയച്ചു തരികയും ചെയ്യും. “എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ! ലോകാരംഭത്തിനു മുമ്പു തന്നെ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്നസ്വഗ്ഗരാജ്യം വന്ന് അനുഭവിച്ചുകൊള്ളുവിൻ""എന്നരുളിച്ചെയ്യുന്ന സന്തോഷ്പ്രദമായ ശബ്ദും കേൾക്കുവാൻ ദൈവം നിങ്ങൾക്ക് സംഗതിയാക്കട്ടെ. നിങ്ങളുടെയും നിങ്ങളുടെ പരേതരുടെയും തന്റെ ശരണത്തിൽ നിദ്രപ്രാപിച്ചിരിക്കുന്ന ഈമ്ശിഹായുടെ ദാസിയുടേയും പാപങ്ങൾ കത്താവ് പരിഹരിക്കട്ടെ. കത്താവ് ഇവളെ തന്റെ വലത്തുഭാഗത്തു വിളിച്ചു നിറുത്തുമാറാകട്ടെ. ആദ്യമനുഷ്യൻ പാപം ചെയ്യുന്നതിനു മുമ്പ് അവന്റെ കൂടാരം കത്താവ് സ്ഥാപിച്ച അതേ സ്ഥാനത്തുതന്നെ ഇവളുടെ വാസവും ആനന്ദവും ആയിത്തീരുമാറാകട്ടെ. ദൈവമാതാവായ മറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാത്ഥനയാൽ സ്വഗ്ഗീയസഭയിലും ഈ ഭനമികസഭയിലും ഇവയെല്ലാം സാധിക്കുമാറാകണമെ എന്നു ഞങ്ങൾ പ്രാത്ഥിക്കുകയും ചെയ്യുന്നു.

ദൈവം തന്റെ ശരണത്തിന്മേൽ നിദ്രപ്രാപിച്ചിരിക്കുന്ന തന്റെ ദാസിയും ആരാധകയുമായ ഇവളെ കൃപയോടെ ആശ്വസിപ്പിക്കുമാറാകട്ടെ. നമ്മുടെ ഈ കൂട്ടത്തിന്മേൽ ദൈവത്തിന്റെ കരുണ എന്നെന്നേക്കും രണ്ടു ലോകങ്ങളിലും ഉണ്ടായിരിക്കുകയും ചെയ്യുമാറാകട്ടെ. ആമ്മീൻ.